197

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE PREVENTION OF CRUELTY TO ANIMALS ACT, 1960

(Act No. 59 of 1960)

# ജന്തുക്കളോടുള്ള ക്രൂരത തടയൽ ആക്റ്റ്, 1960

**(1960-ലെ 59-ാം നമ്പർ ആക്റ്റ്)**

വില

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1983

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE PREVENTION OF CRUELTY TO ANIMALS ACT, 1960

(Act No. 59 of 1960)

# ജന്തുക്കളോടുള്ള ക്രൂരത തടയൽ ആക്റ്റ്, 1960

(1960-ലെ 59-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1983

# ജന്തുക്കളോടുള്ള ക്രൂരത തടയൽ ആക്റ്റ്, 1960

## വകുപ്പുകളുടെ വിന്യാസം

### അദ്ധ്യായം I

### പ്രാരംഭികം


വകുപ്പുകൾ

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും
2. നിർവ്വചനങ്ങൾ
3. ജന്തുക്കളുടെ ചാർജ്ജുള്ള ആളുകളുടെ കർത്തവ്യങ്ങൾ

അദ്ധ്യായം II

ജന്തുക്ഷേമ ബോർഡ്

4. ജന്തുക്ഷേമ ബോർഡിന്റെ സ്ഥാപനം
5. ബോർഡിന്റെ ഘടന
6. ബോർഡിലെ അംഗങ്ങളുടെ ഉദ്യോഗകാലാവധിയും സേവന വ്യവസ്ഥകളും
7. ബോർഡിന്റെ സെക്രട്ടറിയും മററു ജീവനക്കാരും
8. ബോർഡിന്റെ പണം
9. ബോർഡിന്റെ ചുമതലകൾ
10. റഗുലേഷനുകൾ ഉണ്ടാക്കാൻ ബോർഡിനുള്ള അധികാരം

അദ്ധ്യായം III

ജന്തുക്കളോടുള്ള ക്രൂരത, സാമാന്യമായി

11. ജന്തുക്കളോട് ക്രൂരമായി പെരുമാറുന്നത്
12. ഫൂക്കായോ ധുംദേവോ ചെയ്യുന്നതിനുള്ള ദണ്ഡനം
13. കഷ്ടത അനുഭവിക്കുന്ന ജന്തുക്കളെ നശിപ്പിക്കൽ

അദ്ധ്യായം IV

ജന്തുക്കളുടെമേൽ പരീക്ഷണം നടത്തൽ

14. ജന്തുക്കളുടെമേലുള്ള പരീക്ഷണങ്ങൾ
15. ജന്തുക്കളുടെ മേലുള്ള പരീക്ഷണങ്ങളുടെ നിയന്ത്രണത്തിനും മേൽനോട്ടത്തിനുമുള്ള കമ്മിററി
16. കമ്മിററിയുടെ സ്ററാഫ്
17. കമ്മിററിയുടെ കർത്തവ്യങ്ങളും ജന്തുക്കളുടെമേലുള്ള പരീക്ഷണങ്ങൾ സംബന്ധിച്ച് ചട്ടങ്ങളുണ്ടാക്കാൻ കമ്മിററിക്കുള്ള അധികാരവും
18. പ്രവേശനത്തിനും പരിശോധനയ്ക്കുമുള്ള അധികാരം
19. ജന്തുക്കളുടെമേലുള്ള പരീക്ഷണങ്ങൾ നിരോധിക്കുന്നതിനുള്ള അധികാരം
20. ദണ്ഡനങ്ങൾ


3/2523/V.

## അദ്ധ്യായം V

## പ്രദർശന ജന്തുക്കൾ

വകുപ്പുകൾ

21. "പ്രദർശിപ്പിക്കുക" "പരിശീലിപ്പിക്കുക" നിർവ്വചനം
22. പ്രദർശന ജന്തുക്കളെ പ്രദർശിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നതിൻമേലുള്ള നിയന്ത്രണം
23. രജിസ്ട്രേഷനുള്ള നടപടിക്രമം
24. പ്രദർശന ജന്തുക്കളുടെ പ്രദർശനവും പരിശീലനവും നിരോധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുന്നതിന് കോടതിയ്ക്കുള്ള അധികാരം
25. കെട്ടിട പരിസരങ്ങളിൽ പ്രവേശിക്കാനുള്ള അധികാരം
26. കുററങ്ങൾ
27. അപവാദങ്ങൾ

## അദ്ധ്യായം VI

## പലവക

28. കൊല്ലുന്നതിന് മതം നിർണ്ണയിക്കുന്ന രീതിയെ സംബന്ധിച്ച ഒഴിവാക്കൽ
29. കുററസ്ഥാപനം ചെയ്യപ്പെടുന്ന ആൾക്ക് ജന്തുവിൻെറ ഉടമസ്ഥത ഇല്ലാതാക്കാൻ കോടതിക്കുള്ള അധികാരം
30. ചില സംഗതികളിൽ അപരാധത്തെക്കുറിച്ചുള്ള അനുമാനം
31. കുററങ്ങൾ കോഗ്നൈസബിളാണെന്ന്
32. ശോധനയ്ക്കും പിടിച്ചെടുക്കലിനുമുള്ള അധികാരങ്ങൾ
33. ശോധന വാറൻറുകൾ
34. പരിശോധനയ്ക്കായി പിടിച്ചെടുക്കാനുള്ള സാമാന്യാധികാരം
35. ജന്തുക്കളുടെ ചികിൽസയും ശുശ്രൂഷയും
36. പ്രാസിക്യൂഷനുകൾക്കുള്ള കാലഹരണം
37. അധികാരങ്ങളുടെ പ്രത്യായോജനം
38. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം
39. 34-ാം വകുപ്പിൻകീഴിൽ പ്രാധികാരപ്പെടുത്തപ്പെടുന്ന ആളുകൾ പബ്ലിക് സർവൻറുമാർ ആയിരിക്കുമെന്ന്
40. നഷ്ടോത്തരവാദം
41. 1890-ലെ 11-ാം ആക്ററിൻെറ റദ്ദാക്കൽ

# ജന്തുക്കളോടുള്ള ക്രൂരത തടയൽ ആക്റ്റ് 1960

(1960-ലെ 59)

1960 ഡിസംബർ, 26.

ജന്തുക്കളുടെമേൽ അനാവശ്യമായ വേദനയോ കഷ്ടതയോ ഏൽപ്പിക്കുന്നതു തടയുന്നതിനും, ആ ആവശ്യത്തിന് ജന്തുക്കളോടുള്ള ക്രൂരത തടയലിനെ സംബന്ധിച്ച നിയമം ഭേദഗതി ചെയ്യുന്നതിനുമുള്ള ആക്റ്റ്.

ഇൻഡ്യാ റിപ്പബ്ലിക്കിന്റെ പതിനൊന്നാം സംവൽസരത്തിൽ പാർലമെന്റ് താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു.

## അദ്ധ്യായം I

## പ്രാരംഭികം

ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.

1. (1) ഈ ആക്റ്റിന്, ജന്തുക്കളോടുള്ള ക്രൂരത് തടയൽ ആക്റ്റ്, 1960 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റ്റേററൊഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു.

(3) ഇത്, കേന്ദ്രഗവൺമെന്റ് ഔദ്യോഗിക ഗസററിൽ, വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതും, വ്യത്യസ്ത സ്റ്റേററുകൾക്കും, ഈ ആക്റ്റിൽ അടങ്ങുന്ന വ്യത്യസ്ത വ്യവസ്ഥകൾക്കും വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതും ആണ്.

നിർവ്വചനങ്ങൾ.

2. ഈ ആക്റ്റിൽ സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം.—

(ക) ''ജന്തു''വിന്, മനുഷ്യനല്ലാത്ത ഏതെങ്കിലും ജീവി എന്നർത്ഥമാകുന്നതും ;

(ഖ) ''ബോർഡി''ന്, 4-ാം വകുപ്പിൻകീഴിൽ സ്ഥാപിക്കപ്പെടുന്ന ജന്തുക്ഷേമ ബോർഡ് എന്നർത്ഥമാകുന്നതും ;

(ഗ) ''ബന്ധിതജന്തു''വിന് ബന്ധനത്തിലോ തടവിലോ, അത് സ്ഥിരമോ താൽക്കാലികമോ ആയാലും, ഉള്ളതോ അല്ലെങ്കിൽ അത് ബന്ധനത്തിൽനിന്നോ തടവിൽനിന്നോ രക്ഷപ്പെടുന്നത് തടസ്സപ്പെടുത്തുന്നതിനോ തടയുന്നതിനോ വേണ്ടിയുള്ള ഏതെങ്കിലും ഉപകരണത്തിനോ ഉപായത്തിനോ വിധേയമാക്കപ്പെട്ടിട്ടുള്ളതോ, അല്ലെങ്കിൽ ചിറകു മുറിച്ചതോ അല്ലെങ്കിൽ അംഗഭംഗപ്പെടുത്തിയതോ അംഗഭംഗപ്പെടുത്തിയതാണെന്നു തോന്നുന്നതോ ആയ (ഇണങ്ങിയ ജന്തുവല്ലാത്ത) ഏതെങ്കിലും ജന്തു എന്നർത്ഥമാകുന്നതും ;

(ഘ) ''ഇണങ്ങിയ ജന്തു''വിന്, ഇണക്കപ്പെട്ടതോ, അല്ലെങ്കിൽ മനുഷ്യന്റെ ഉപയോഗത്തിനുള്ള ഏതെങ്കിലും ആവശ്യം നിറവേററുന്നതിനായി മതിയായിടത്തോളം ഇണക്കപ്പെട്ടിട്ടുള്ളതോ ഇണക്കപ്പെട്ടുകൊണ്ടിരിക്കുന്നതോ, അല്ലെങ്കിൽ അതു അപ്രകാരം ഇണക്കപ്പെട്ടിട്ടില്ലെന്നോ ഇണക്കപ്പെട്ടുകൊണ്ടിരിക്കുന്നില്ലെന്നോ ഇണക്കപ്പെടാൻ ഉദ്ദേശിക്കപ്പെടുന്നില്ലെന്നോ ഇരുന്നാലും, യഥാർത്ഥത്തിൽ മുഴുവനായോ ഭാഗികമായോ ഇണങ്ങിയതോ ഇണങ്ങിയതായിത്തീർന്നിട്ടുള്ളതോ ആയ ഏതെങ്കിലും ജന്തു എന്നർത്ഥമാകുന്നതും ;

(ങ) ''തദ്ദേശാധികാരസ്ഥാന''ത്തിന്, മുനിസിപ്പൽ കമ്മിററിയോ, ജില്ലാ ബോർഡോ അല്ലെങ്കിൽ നിയമം തൽസമയത്തേക്ക് ഒരു വിനിർദ്ദിഷ്ട തദ്ദേശപ്രദേശത്തിനുള്ളിലെ ഏതെങ്കിലും വിഷയങ്ങളുടെ നിയന്ത്രണവും ഭരണവും, നിക്ഷേപിക്കുന്ന മററു അധികാരസ്ഥാനമോ എന്നർത്ഥമാകുന്നതും ;

(ച) ജന്തുവിനെ പരാമർശിച്ച് ഉപയോഗിക്കുമ്പോൾ ''ഉടമസ്ഥ''നിൽ ഉടമസ്ഥൻ മാത്രമല്ല, തൽസമയത്തേക്ക് ആ ജന്തുവിന്റെ കൈവശമോ സൂക്ഷിപ്പോ, അത്, ഉടമസ്ഥന്റെ സമ്മതത്തോടുകൂടിയോ അല്ലാതെയോ ആയാലും, ഉള്ള മററു ഏതെങ്കിലും ആൾകൂടി ഉൾപ്പെടുന്നതും ;

(ഛ) ''ഫൂക്ക'' അല്ലെങ്കിൽ ''ധൂംദേവ്'' എന്നതിൽ, ഒരു കറവമൃഗത്തിന്റെ സ്ത്രൈണേന്ദ്രിയത്തിൽ, ആ മൃഗത്തിൽനിന്ന് ഏതെങ്കിലും തരത്തിൽ പാൽ ചുരത്തുന്നതു കറന്നെടുക്കുക എന്ന ലക്ഷ്യത്തോടെ, വായുവോ ഏതെങ്കിലും പദാർത്ഥമോ കടത്തുന്ന ഏതെങ്കിലും പ്രക്രിയ ഉൾപ്പെടുന്നതും ;

(ജ) ''നിർണ്ണയിക്കപ്പെടുന്ന'' എന്നാൽ, ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നതും ;

(ഝ) ''തെരുവി''ൽ, പൊതുജനങ്ങൾക്ക് പ്രവേശനമുള്ള ഏതെങ്കിലും വഴിയോ, റോഡോ, ഇടവഴിയോ, സ്ക്വയറോ, അങ്കണമോ ഇടുങ്ങിയ വഴിയോ, നടപ്പാതയോ, തുറസ്സായ സ്ഥലമോ, അത് പെരുവഴിയോ അല്ലാത്തതോ ആയാലും, ഉൾപ്പെടുന്നതും ;

ആകുന്നു.

ജന്തുക്കളുടെ ചാർജുള്ള ആളുകളുടെ കർത്തവ്യങ്ങൾ

3. ഏതെങ്കിലും ജന്തുവിന്റെ ക്ഷേമം ഉറപ്പുവരുത്തുകയും, അങ്ങനെയുള്ള ജന്തുവിന്റെമേൽ അനാവശ്യമായ വേദനയോ കഷ്ടതയോ ഏൽപിക്കുന്നത് തടയുകയും ചെയ്യുന്നതിന് ന്യായമായ എല്ലാ നടപടികളും എടുക്കേണ്ടത്, അങ്ങനെയുള്ള ജന്തുവിന്റെ മേൽനോട്ടമോ ചാർജ്ജോ ഉള്ള ഏതൊരാളുടേയും കർത്തവ്യമാകുന്നു.

## അദ്ധ്യായം II

## ജന്തുക്ഷേമ ബോർഡ്

ജന്തുക്ഷേമ ബോർഡിന്റെ സ്ഥാപനം.

4. (1) ജന്തുക്ഷേമം പുലർത്തുന്നതിന് സാമാന്യമായും അനാവശ്യമായ വേദനയ്ക്കോ കഷ്ടതയ്ക്കോ വിധേയമാക്കുന്നതിൽനിന്ന് ജന്തുക്കളെ സംരക്ഷിക്കുന്നതിനുവേണ്ടി പ്രത്യേകമായും, ഈ ആക്ററിന്റെ പ്രാരംഭത്തിനുശേഷം ആകുന്നത്ര വേഗത്തിൽ കേന്ദ്രഗവൺമെന്റ്, ജന്തുക്ഷേമബോർഡ് എന്നു പേർ പറയപ്പെടേണ്ട ഒരു ബോർഡ് സ്ഥാപിക്കേണ്ടതാകുന്നു.

(2) ബോർഡ്, വസ്തു ആർജ്ജിക്കാനും, ധാരണം ചെയ്യാനും, വ്യയനം ചെയ്യാനും ഈ ആക്ററിലെ വ്യവസ്ഥകൾക്ക് വിധേയമായി, അധികാരത്തോടു കൂടിയതും ശാശ്വത പിൻതുടർച്ചാവകാശവും പൊതുമുദ്രയുമുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും, അതിനോ, അതിനെതിരായോ അതിന്റെ നാമത്തിൽ വ്യവഹാരം ബോധിപ്പിക്കാവുന്നതും ആണ്.

ബോർഡിന്റെ ഘടന.

5. (1) ബോർഡ് താഴെ പറയുന്ന ആളുകൾ അടങ്ങിയതായിരിക്കേണ്ടതാണ്, അതായത്:—

(ക) വനം ഇൻസ്പെക്ററർ-ജനറൽ, ഗവൺമെന്റ് ഓഫ് ഇൻഡ്യാ, എക്സ് ഒഫിഷ്യോ ;

(ഖ) ഇൻഡ്യാ ഗവൺമെന്റിന്റെ മൃഗസംരക്ഷണ കമ്മീഷണർ, എക്സ് ഒഫിഷ്യോ ;

(ഗ) കേന്ദ്രഗവൺമെന്റിന്റെ അഭിപ്രായത്തിൽ ബോർഡിൽ പ്രതിനിധാനം ചെയ്യപ്പെടേണ്ട മൃഗചികിൽസാ ചികിൽസകൻമാരുടെ സമാജത്തെ പ്രതിനിധാനം ചെയ്യാനുള്ളതും, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ സമാജത്താൽ തിരഞ്ഞെടുക്കപ്പെടേണ്ടതുമായ ഒരാൾ ;

(ഘ) ആധുനിക ചികിൽസാസമ്പ്രദായത്തിലേയും നാട്ടുചികിൽസാ സമ്പ്രദായത്തിലേയും ചികിൽസകൻമാരെ പ്രതിനിധാനം ചെയ്യാനുള്ളതും, കേന്ദ്ര ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യേണ്ടതുമായ രണ്ട് ആളുകൾ ;

(ങ) ബോംബെ, കൽക്കട്ട, ഡൽഹി, മദ്രാസ് എന്നീ മുൻസിപ്പൽ കാർപ്പറേഷനുകളിൽ ഓരോന്നിനേയും പ്രതിനിധാനം ചെയ്യാനുള്ള ഒരാളും, കേന്ദ്രഗവൺമെന്റിന്റെ അഭിപ്രായത്തിൽ ബോർഡിൽ പ്രതിനിധാനം ചെയ്യപ്പെടേണ്ട മറേറതെങ്കിലും മുൻസിപ്പൽ കോർപ്പറേഷനെ പ്രതിനിധാനം ചെയ്യാനുള്ള ഒരാളും,—ഇവർ മുൻപറഞ്ഞ കോർപ്പറേഷനുകളിൽ ഓരോന്നിനാലും നിർണ്ണയിക്കപ്പെടുന്ന രീതിയിൽ തിരഞ്ഞെടുക്കപ്പെടേണ്ടതാണ്—;

(ച) കേന്ദ്രഗവൺമെന്റിന്റെ അഭിപ്രായത്തിൽ ബോർഡിൽ പ്രതിനിധാനം ചെയ്യപ്പെടേണ്ടതും ജന്തുക്ഷേമത്തിൽ സജീവ താൽപര്യമുള്ളതുമായ മൂന്നു സംഘടനകളിൽ ഓരോന്നിനേയും പ്രതിനിധാനം ചെയ്യാനുള്ളതും, മുൻപറഞ്ഞ സംഘടനകളാൽ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വരണം ചെയ്യപ്പെടുന്നതുമായ ഒരാൾ ;

(ഛ) കേന്ദ്രഗവൺമെന്റിന്റെ അഭിപ്രായത്തിൽ ബോർഡിൽ പ്രതിനിധാനം ചെയ്യപ്പെടേണ്ടതും, ജന്തുക്കളോടുള്ള ക്രൂരത തടയൽ കൈകാര്യം ചെയ്യുന്നതുമായ മൂന്നു സംഘങ്ങളിൽ ഓരോന്നിനേയും പ്രതിനിധാനം ചെയ്യാനുള്ളതും, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വരണം ചെയ്യപ്പെടുന്നതുമായ ഒരാൾ ;

(ജ) കേന്ദ്രഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന മൂന്നു ആളുകൾ ;

(ത്ധ) ലോകസഭയാൽ തിരഞ്ഞെടുക്കപ്പെടേണ്ട നാലും, രാജ്യസഭയാൽ തിരഞ്ഞെടുക്കപ്പെടേണ്ട രണ്ടുംകൂടി ആറു പാർലമെന്റ് അംഗങ്ങൾ.

(2) (1)-ാം ഉപവകുപ്പിലെ (ക) ഖണ്ഡത്തിലോ (ഖ) ഖണ്ഡത്തിലോ പരാമർശിച്ച ആളുകളിൽ ആർക്കെങ്കിലും ബോർഡിന്റെ യോഗങ്ങളിൽ ഏതിലെങ്കിലും സന്നിഹിതനാകാൻ മറേറതെങ്കിലും ആളെ നിയോഗിക്കാവുന്നതാണ്.

(3) ബോർഡിലെ അംഗങ്ങളിൽ ഒരാൾ, അതിന്റെ ചെയർമാനായി കേന്ദ്ര ഗവൺമെന്റിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ടതാകുന്നു.

ബോർഡിലെ അംഗങ്ങളുടെ ഉദ്യോഗകാലാവധിയും സേവന വ്യവസ്ഥകളും.

6. (1) ഈ വകുപ്പിൽ മററുവിധത്തിൽ വ്യവസ്ഥ ചെയ്യപ്പെടുന്ന വിധമൊഴികെ, ബോർഡിലെ ഒരു അംഗത്തിന്റെ ഉദ്യോഗകാലാവധി മൂന്നുവർഷം ആയിരിക്കുന്നതാണ്.

(2) (ബോംബെയിലേയും, കൽക്കട്ടയിലേയും, ഡൽഹിയിലേയും, മദ്രാസിലേയും കാർപ്പറേഷനുകളല്ലാത്ത) ഏതെങ്കിലും മുൻസിപ്പൽ കോർപ്പറേഷനെ പ്രതിനിധാനം ചെയ്യുന്നതിന് തിരഞ്ഞെടുക്കപ്പെടുന്ന അംഗത്തിന്റെ ഉദ്യോഗകാലാവധി, അങ്ങനെയുള്ള അംഗം ഉദ്യോഗം ഏറെറടുക്കുന്ന തീയതിമുതൽ ഒരു വർഷം ആയിരിക്കുന്നതും, ഇത് (4)-ാം ഉപവകുപ്പിൽ അടങ്ങിയ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതുമാകുന്നു.

(3) ഒരു എക്സ്-ഒഫിഷ്യോ അംഗത്തിന്റെ ഉദ്യോഗ കാലാവധി, ഏത് ഉദ്യോഗത്തിന്റെ ബലത്തിലാണോ അയാൾ അങ്ങനെയുള്ള അംഗമായിരിക്കുന്നത്, ആ ഉദ്യോഗം അയാൾ വഹിക്കുന്ന കാലത്തോളം, തുടരുന്നതാകുന്നു.

(4) ആളുകളുടെ ഏതെങ്കിലും നികായത്തെ പ്രതിനിധാനം ചെയ്യുന്നതിന്, 5-ാം വകുപ്പ് (ഗ) ഖണ്ഡത്തിന്റേയോ (ങ) ഖണ്ഡത്തിന്റേയോ, (ച) ഖണ്ഡത്തിന്റേയോ (ഛ) ഖണ്ഡത്തിന്റേയോ (ഝ) ഖണ്ഡത്തിന്റേയോ കീഴിൽ തിരഞ്ഞെടുക്കപ്പെടുന്നതോ വരണം ചെയ്യപ്പെടുന്നതോ ആയ ഒരു അംഗത്തിന്റെ ഉദ്യോഗകാലാവധി, അയാൾ, അയാളെ തിരഞ്ഞെടുത്ത നികായത്തിലേയോ അല്ലെങ്കിൽ ഏതു നികായത്തെ സംബന്ധിച്ചാണോ അയാൾ വരണം ചെയ്യപ്പെട്ടത്, ആ നികായത്തിലേയോ അംഗം അല്ലാതായിത്തീരുന്നയുടൻ അവസാനിക്കുന്നതാണ്.

(5) ഒരു യാദൃച്ഛിക ഒഴിവ് പൂരിപ്പിക്കാൻ നാമനിർദ്ദേശം ചെയ്യപ്പെടുന്നതോ, തിരഞ്ഞെടുക്കപ്പെടുന്നതോ, വരണം ചെയ്യപ്പെടുന്നതോ, ആയ ഒരു അംഗത്തിന്റെ ഉദ്യോഗ കാലാവധി, ഏത് അംഗത്തിന്റെ സ്ഥാനത്തേക്കാണോ അയാൾ നാമനിർദ്ദേശം ചെയ്യപ്പെടുകയോ, തിരഞ്ഞെടുക്കപ്പെടുകയോ, വരണംചെയ്യപ്പെടുകയോ ചെയ്യുന്നത്, ആ അംഗത്തിന്റെ ഉദ്യോഗകാലാവധിയുടെ ശിഷ്ടകാലം തുടരുന്നതാകുന്നു.

(6) ബോർഡിലെ അംഗങ്ങൾക്ക്, കേന്ദ്ര ഗവൺമെൻറിന്റെ മുൻ അംഗീകാരത്തിന് വിധേയമായി, ബോർഡ് ഇതിലേയ്ക്ക് ഉണ്ടാക്കുന്ന റഗുലേഷനുകൾ വഴി വ്യവസ്ഥ ചെയ്യുന്ന ബത്തകൾ, വല്ലതുമുണ്ടെങ്കിൽ, ലഭിക്കുന്നതാകുന്നു.

(7) ബോർഡ് ചെയ്യുന്ന ഏതെങ്കിലും കൃത്യമോ, എടുക്കുന്ന ഏതെങ്കിലും നടപടിയോ, ബോർഡിൽ ഏതെങ്കിലും ഒഴിവു നിലവിലുണ്ടെന്നോ, ബോർഡിന്റെ ഘടനയിൽ എന്തെങ്കിലും ന്യൂനത ഉണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം ചോദ്യം ചെയ്യപ്പെടാൻ പാടുള്ളതല്ല.

ബോർഡിന്റെ സെക്രട്ടറിയും മററുജീവനക്കാരും

7. (1) കേന്ദ്ര ഗവൺമെൻറ്, അതിന്റെ ഉദ്യോഗസ്ഥൻമാരിൽ ഒരാളെ ബോർഡിന്റെ സെക്രട്ടറിയായി നിയമിക്കേണ്ടതാകുന്നു.

(2) കേന്ദ്ര ഗവൺമെൻറ് ഇതിലേയ്ക്ക് ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി, ബോർഡിന്, അതിന്റെ അധികാരങ്ങളുടെ പ്രയോഗത്തിനും, ചുമതലകളുടെ നിർവ്വഹണത്തിനും ആവശ്യകമാകുന്നത്ര മററു ആഫീസർമാരേയും ജീവനക്കാരേയും നിയമിക്കാവുന്നതും, കേന്ദ്ര ഗവൺമെൻറിന്റെ മുൻഅംഗീകാരത്തോടുകൂടി, അത് ഉണ്ടാക്കുന്ന റഗുലേഷനുകൾവഴി, അങ്ങനെയുള്ള ആഫീസർമാരുടേയും മററു ജീവനക്കാരുടേയും സേവന നിബന്ധനകളും സേവനവ്യവസ്ഥകളും നിശ്ചയിക്കാവുന്നതും ആണ്.

ബോർഡിന്റെ പണം

8. ബോർഡിന്റെ പണം, ഗവൺമെൻറ് അതിന് അപ്പോഴപ്പോൾ നല്കുന്ന ഗ്രാൻറുകളും, ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ മറേറതെങ്കിലും ആളോ അതിന് നൽകുന്ന അംശദായങ്ങളും, സംഭാവനകളും, വരിസംഖ്യകളും, ഒസ്യത്തവകാശങ്ങളും, ദാനങ്ങളും, സദൃശമായവയും അടങ്ങിയതായിരിക്കുന്നതാണ്.

ബോർഡിന്റെ ചുമതലകൾ

9. ബോർഡിന്റെ ചുമതലകൾ—

(ക) ജന്തുക്കളോടുള്ള ക്രൂരത തടയുന്നതിന് ഇൻഡ്യയിൽ പ്രാബല്യത്തിലുള്ള നിയമം നിരന്തരമായ പഠനത്തിന് വിധേയമാക്കുകയും അങ്ങനെയുള്ള ഏതെങ്കിലും നിയമത്തിൽ അപ്പോഴപ്പോൾ വരുത്തേണ്ട ഭേദഗതികളെക്കുറിച്ച് ഗവൺമെൻറിനെ ഉപദേശിക്കുകയും ;

(ഖ) ജന്തുക്കൾക്ക്, സാമാന്യമായും പ്രത്യേകിച്ച് അവയെ ഒരു സ്ഥലത്തുനിന്ന് മറെറാരു സ്ഥലത്തേയ്ക്ക് പരിവഹണം ചെയ്യുമ്പോഴോ, അല്ലെങ്കിൽ അവയെ പ്രദർശന ജന്തുക്കളായി ഉപയോഗിക്കുമ്പോഴോ, അല്ലെങ്കിൽ അവയെ ബന്ധനത്തിലോ തടവിലോ സൂക്ഷിക്കുമ്പോഴോ അവയ്ക്ക് അനാവശ്യമായ വേദനയോ കഷ്ടതയോ ഉണ്ടാക്കുന്നതു തടയുക എന്ന ലക്ഷ്യത്തോടെ, ഈ ആക്ററിൻകീഴിൽ ചട്ടങ്ങൾ ഉണ്ടാക്കുന്നതിൽ കേന്ദ്ര ഗവൺമെൻറിനെ ഉപദേശിക്കുകയും ;

(ഗ) ഭാരം വലിക്കുന്ന ജന്തുക്കളിൻമേലുള്ള ഭാരം കുറയ്ക്കുന്നതിനായി വാഹനങ്ങളുടെ രൂപമാതൃകയിലെ പരിഷ്കാരങ്ങളെക്കുറിച്ച് ഗവൺമെൻറിനേയോ, ഏതെങ്കിലും തദ്ദേശാധികാര സ്ഥാനത്തേയോ, മററ് ആളേയോ ഉപദേശിക്കുകയും ;

(ഘ) ജന്തുക്കൾക്കുവേണ്ടി ഷെഡ്ഡുകളുടേയും വെള്ളത്തൊട്ടികളുടേയും സദൃശമായവയുടേയും നിർമ്മാണം പ്രോൽസാഹിപ്പിക്കുകയോ ഏർപ്പെടുത്തുകയോ ചെയ്യുന്നതുവഴിയും, അവയ്ക്ക് മൃഗചികിൽസാസഹായം ഏർപ്പെടുത്തുന്നതുവഴിയും, ചുമട്ടുമൃഗങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് യുക്തമെന്ന് ബോർഡിന് തോന്നുന്ന എല്ലാ നടപടികളും എടുക്കുകയും ;

(ങ) കശാപ്പിനുമുമ്പുള്ള ഘട്ടങ്ങളിൽ അനാവശ്യമായ വേദനയോ കഷ്ടതയോ, അത് ശാരീരികമോ മാനസികമോ ആയാലും, കഴിയുന്നിടത്തോളം ഒഴിവാക്കുകയും, ആവശ്യമുള്ളിടത്ത് ജന്തുക്കളെ കഴിയുന്നിടത്തോളം ദയാപൂർവ്വകമായ രീതിയിൽ കൊല്ലുകയും ചെയ്യത്തക്കവിധം, കശാപ്പുശാലകളുടെ രൂപമാതൃകയുടേയോ, സംരക്ഷണത്തിൻേറയോ കാര്യത്തിലോ, അല്ലെങ്കിൽ ജന്തുക്കളുടെ കശാപ്പിനെ സംബന്ധിച്ചോ, ഗവൺമെൻറിനേയോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തേയോ മററു ആളെയോ ഉപദേശിക്കുകയും ;

(ച) വേണ്ടാത്ത ജന്തുക്കളെ നശിപ്പിക്കേണ്ടത് ആവശ്യമായിട്ടുള്ളപ്പോഴെല്ലാം, തദ്ദേശാധികാര സ്ഥാനങ്ങൾ, അവയെ ക്ഷണമാത്രത്തിലോ, അല്ലെങ്കിൽ വേദനയെക്കുറിച്ചോ, കഷ്ടതയെക്കുറിച്ചോ സംവേദനാരഹിതമാക്കിയതിനുശേഷമോ അപ്രകാരം ചെയ്യുന്നതു ഉറപ്പുവരുത്താൻ, ബോർഡിനു യുക്തമെന്നുതോന്നുന്ന എല്ലാ നടപടികളും എടുക്കുകയും ;

(ഛ) മൃഗങ്ങളും പക്ഷികളും വയസ്സായി ഉപയോഗശൂന്യമാവുകയോ, അവയ്ക്ക് സംരക്ഷണം ആവശ്യമായിവരുമ്പോഴോ, അവയ്ക്ക് അഭയസ്ഥാനം കണ്ടെത്താവുന്ന പിൻജരാപോളുകളിലേയും ആശ്രയസ്ഥാനങ്ങളുടേയും സദൃശമായവയുടേയും രൂപവൽക്കരണത്തെ, സാമ്പത്തിക സഹായം നൽകിയോ മററു വിധത്തിലോ പ്രോൽസാഹിപ്പിക്കുകയും ;

(ജ) ജന്തുക്കൾക്ക് അനാവശ്യമായ വേദനയോ കഷ്ടതയോ ഉണ്ടാക്കുന്നത് തടയുന്നതിനുവേണ്ടിയോ മൃഗങ്ങളുടേയും പക്ഷികളുടേയും സംരക്ഷണത്തിനായോ സ്ഥാപിക്കപ്പെട്ടിട്ടുള്ള സമാജങ്ങളുമായോ നികായങ്ങളുമായോ സഹകരിക്കുകയും, അവയുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും ചെയ്യുകയും ;

(ഝ) ഏതെങ്കിലും തദ്ദേശപ്രദേശത്ത് പ്രവർത്തിക്കുന്ന, ജന്തുക്ഷേമ സംഘടനകൾക്ക് സാമ്പത്തികമായും മററും ഉള്ള സഹായം നല്കുകയോ, ഏതെങ്കിലും തദ്ദേശപ്രദേശത്ത്, ബോർഡിൻെറ സാമാന്യമായ മേൽനോട്ടത്തിനും മാർഗ്ഗദർശനത്തിനും കീഴിൽ പ്രവർത്തിക്കുന്ന ജന്തുക്ഷേമ സംഘടനകളുടെ രൂപവല്ക്കരണത്തെ പ്രോൽസാഹിപ്പിക്കുകയോ ചെയ്യുകയും ;

(ഞ) മൃഗാശുപത്രികളിൽ ഏർപ്പെടുത്തുന്ന ചികിൽസീയമായ ശുശ്രൂഷയും ശ്രദ്ധയും സംബന്ധിച്ച വിഷയങ്ങളെക്കുറിച്ച് ഗവൺമെൻറിനെ ഉപദേശിക്കുകയും, മൃഗാശുപത്രികൾക്ക് സാമ്പത്തികമായും മററുമുള്ള സഹായം നല്കുന്നത് ആവശ്യകമാണെന്ന് ബോർഡിന് തോന്നുമ്പോഴെല്ലാം അപ്രകാരം ചെയ്യുകയും ;

(ട) ജന്തുക്കളോടു ദയാപൂർവ്വമായി പെരുമാറുന്നത് സംബന്ധിച്ച് വിദ്യാഭ്യാസം നല്കുകയും, ജന്തുക്കളുടെമേൽ അനാവശ്യമായ വേദനയോ കഷ്ടതയോ ഏല്പിക്കുന്നതിനെതിരായും, ജന്തുക്ഷേമം പുലർത്തുന്നതിനായും പ്രസംഗങ്ങളും, പുസ്തകങ്ങളും, പോസ്ററുകളും, സിനിമാപ്രദർശനങ്ങളും മററുംവഴി പൊതുജനാഭിപ്രായം രൂപവൽക്കരിക്കുന്നത് പ്രോൽസാഹിപ്പിക്കുകയും ;

(ഠ) ജന്തുക്ഷേമത്തോടെ ജന്തുക്കളുടെമേൽ അനാവശ്യമായ വേദനയോ കഷ്ടതയോ ഏല്പിക്കുന്നത് തടയുന്നതിനോടോ ബന്ധപ്പെട്ട ഏതെങ്കിലും വിഷയം സംബന്ധിച്ച് ഗവൺമെൻറിനെ ഉപദേശിക്കുകയും ;

ആയിരിക്കുന്നതാണ്.

*റഗുലേഷനുകൾ ഉണ്ടാക്കാൻ ബോർഡിനുള്ള അധികാരം*

10. കേന്ദ്ര ഗവൺമെൻറിൻെറ മുൻ അംഗീകാരത്തിനു വിധേയമായി ബോർഡിന്, അതിൻെറ കാര്യങ്ങളുടെ ഭരണത്തിനും, അതിൻെറചുമതലകൾ നിർവ്വഹിക്കുന്നതിനുംവേണ്ടി യുക്തമെന്നു തോന്നുന്ന റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

## അദ്ധ്യായം III

## ജന്തുക്കളോടുള്ള ക്രൂരത, സാമാന്യമായി

*ജന്തുക്കളോട് ക്രൂരമായി പെരുമാറുന്നത്.*

11. (1) ഏതെങ്കിലും ആൾ, —

(ക) ഏതെങ്കിലും ജന്തുവിനെ, അതിനെ അനാവശ്യമായ വേദനയ്ക്കോ കഷ്ടതയ്ക്കോ വിധേയമാക്കത്തക്കവിധം അടിക്കുകയോ, ചവിട്ടുകയോ, അമിതമായി സവാരി ചെയ്യുകയോ, അമിതമായി ഓടിക്കുകയോ, അമിതഭാരം വഹിപ്പിക്കുകയോ, മർദ്ദിക്കുകയോ, മററുവിധത്തിൽ അതിനോട് പെരുമാറുകയോ അല്ലെങ്കിൽ, ഏതെങ്കിലും ജന്തുവിനോട് അപ്രകാരം പെരുമാറാൻ ഇടയാക്കുകയോ, അല്ലെങ്കിൽ ഉടമസ്ഥനായിരിക്കെ അപ്രകാരം പെരുമാറാൻ അനുവദിക്കുകയോ ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും രോഗമോ, ദൗർബ്ബല്യമോ, മുറിവോ, പുണ്ണോ മററു ഹേതുവോ കാരണമായി ഏതെങ്കിലും പണിയിലോ അദ്ധ്വാനത്തിലോ നിയോജിക്കപ്പെടാൻ പററാത്ത ഏതെങ്കിലും ജന്തുവിനെ അപ്രകാരം നിയോജിക്കുകയോ അല്ലെങ്കിൽ, ഉടമസ്ഥനായിരിക്കെ അങ്ങനെ പററാത്ത ഏതെങ്കിലും ജന്തുവിനെ അപ്രകാരം നിയോജിക്കാൻ അനുവദിക്കുകയോ ; അല്ലെങ്കിൽ

(ഗ) ഏതെങ്കിലും ഇണങ്ങിയതോ ബന്ധിതമോ ആയ ജന്തുവിന്, മന:പൂർവ്വമായും ന്യായരഹിതമായും ഏതെങ്കിലും ഹാനികരമായ മരുന്നോ ഹാനികരമായ പദാർത്ഥമോ കൊടുക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും ഇണങ്ങിയതോ ബധ്നിതമോ ആയ ജന്തുവിനെക്കൊണ്ട് അങ്ങനെയുള്ള ഏതെങ്കിലും മരുന്നോ പദാർത്ഥമോ കഴിപ്പിക്കുകയോ കഴിപ്പിക്കാൻ ശ്രമിക്കുകയോ; അല്ലെങ്കിൽ

(ഘ) ഏതെങ്കിലും ജന്തുവിനെ, അത് അനാവശ്യമായ വേദനയ്ക്കോകഷ്ടതയ്ക്കോ വിധേയമാകത്തക്കരീതിയിലോ, നിലയിലോ, ഏതെങ്കിലും വാഹനത്തിലോ, വാഹനത്തിൻമേലോ ആയാലും, അല്ലെങ്കിലും, വഹിക്കുകയോകൊണ്ടുപോവുകയോ ; അല്ലെങ്കിൽ

(ങ) ഏതെങ്കിലും ജന്തുവിനെ, പൊക്കത്തിലും നീളത്തിലും വീതിയിലും അനങ്ങാൻ ന്യായമായ അവസരം അനുവദിക്കാൻ മതിയായത്ര അളവില്ലാത്ത ഏതെങ്കിലും കൂട്ടിലോ,മററു പേടകത്തിലോ സൂക്ഷിക്കുകയോ തടഞ്ഞുവയ്ക്കുകയോ; അല്ലെങ്കിൽ

(ച) ഏതെങ്കിലും ജന്തുവിനെ, ന്യായരഹിതമായ വിധം നീളം കുറഞ്ഞതോ ന്യായരഹിതമായവിധം ഘനമുള്ളതോ ആയ ചങ്ങലകൊണ്ടോ പാശംകൊണ്ടോ ന്യായരഹിതമായത്ര സമയം ചങ്ങലക്കിട്ടോ കെട്ടിയോ സൂക്ഷിക്കുകയോ ; അല്ലെങ്കിൽ

(ഛ) ഉടമസ്ഥനായിരിക്കേ പതിവായി ചങ്ങലക്കിടുന്നതോ ഇടുങ്ങിയ ബന്ധനത്തിൽ സൂക്ഷിക്കപ്പെടുന്നതോ ആയ ഏതെങ്കിലും നായ്ക്ക് ന്യായമായ വിധം വ്യായാമം നല്കുകയോ,നല്കിക്കുകയോ ചെയ്യുന്നതിൽ ഉപേക്ഷവരുത്തുകയോ ; അല്ലെങ്കിൽ

(ജ) ഏതെങ്കിലും ബന്ധിതജന്തുവിൻെറ ഉടമസ്ഥനായിരിക്കേ അങ്ങനെയുള്ള ജന്തുവിന് മതിയായ ആഹാരമോ, പാനീയമോ, അഭയസ്ഥാനമോ നല്കാതിരിക്കുകയോ ; അല്ലെങ്കിൽ

(ഝ) ഏതെങ്കിലും ജന്തുവിനെ, അത്, പട്ടിണിയോ ദാഹമോ കാരണമായി വേദന അനുഭവിക്കാൻ ഇടയുള്ളതാക്കിത്തീർക്കുന്ന പരിത:സ്ഥിതികളിൽ ന്യായമായ കാരണം കൂടാതെ, ഉപേക്ഷിക്കുകയോ ; അല്ലെങ്കിൽ

(ഞ) താൻ ഉടമസ്ഥനായിട്ടുള്ള ഏതെങ്കിലും ജന്തുവിനെ, അതിന് സാംസർഗ്ഗികമോ സാംക്രമികമോ ആയ രോഗംബാധിച്ചിരിക്കുമ്പോൾ ഏതെങ്കിലും തെരുവിൽ സ്വാതന്ത്രനായി അലയാൻ മന:പൂർവ്വം അനുവദിക്കുകയോ, അല്ലെങ്കിൽ താൻ ഉടമസ്ഥനായിട്ടുള്ളതും രോഗമുള്ളതോ അവശതയുള്ളതോ ആയ ഏതെങ്കിലും ജന്തുവിനെ യുക്തിപൂർവ്വമായ ന്യായീകരണം കൂടാതെ ഏതെങ്കിലും തെരുവിൽ ചച്ച് മരിക്കാൻ അനുവദിക്കുകയോ ; അല്ലെങ്കിൽ

(ട) അംഗഭംഗം വരുത്തലോ, പട്ടിണിയോ ദാഹമോ, തിങ്ങലോ, മററു ഉപദ്രവകരമായ പെരുമാററമോ കാരണമായി വേദനയനുഭവിക്കുന്ന ഏതെങ്കിലും ജന്തുവിനെ വില്ക്കാൻ ആഫർ ചെയ്യുകയോ യുക്തിപൂർവ്വമായ ന്യായീകരണം കൂടാതെ തൻെറ കൈവശം വയ്ക്കുകയോ ;

(ഠ) ഏതെങ്കിലും ജന്തുവിനെ ആവശ്യമില്ലാതെ അംഗഭംഗപ്പെടുത്തുകയോ ഏതെങ്കിലും ജന്തുവിനെ ആവശ്യകമല്ലാത്തവിധം ക്രൂരമായരീതിയിൽ കൊല്ലുകയോ ; അല്ലെങ്കിൽ

(ഡ) മററാളുകൾക്ക് വിനോദം നല്കുക എന്ന ലക്ഷ്യത്തോടുകൂടി മാത്രം ഏതെങ്കിലും ജന്തുവിനെ മറേറതെങ്കിലും ജന്തുവിൻെറ ഇരയാക്കത്തക്കരീതിയിൽ തടഞ്ഞുവയ്ക്കുകയോ തടഞ്ഞുവയ്പിക്കുകയോ ; അല്ലെങ്കിൽ

(ഢ) തൻെറ ബിസിനസ്സിൻെറ ആവശ്യങ്ങൾക്ക് വേണ്ടി, ജന്തുക്കൾ തമ്മിലുള്ള പോരിനോ ഏതെങ്കിലും ജന്തുവിനെപീഢിപ്പിക്കുന്നതിനുവേണ്ടിയോ ഏതെങ്കിലും സ്ഥലം ഏർപ്പാടു ചെയ്യുകയോ, വച്ചുപോരുകയോ, ഉപയോഗിക്കുകയോ, അല്ലെങ്കിൽ അതിൻെറ നടത്തിപ്പിൽ പ്രവർത്തിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും സ്ഥലം അപ്രകാരം ഉപയോഗപ്പെടുത്താൻ അനുവദിക്കുകയോ ആഫർ ചെയ്യുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ആവശ്യങ്ങൾക്കു വേണ്ടി വച്ചുപോരുന്നതോ ഉപയോഗിക്കുന്നതോ ആയ ഏതെങ്കിലും സ്ഥലത്ത് മറേറതെങ്കിലും ആളുടെ പ്രവേശനത്തിനു പണം സ്വീകരിക്കുകയോ; അല്ലെങ്കിൽ

(ണ) ഏത് വെടിവയ്പ് മാച്ചിലോ മത്സരത്തിലോ ആണ് അങ്ങനെയുള്ള വെടിവയ്പിൻെറ ആവശ്യത്തിന് ജന്തുക്കളെ ബന്ധനത്തിൽ നിന്ന് മോചിപ്പിക്കുന്നത് അങ്ങനെയുള്ള ഏതെങ്കിലും വെടിവയ്പ് മാച്ചോ മൽസരമോ പ്രോൽസാഹിപ്പിക്കുകയോ അതിൽ പങ്കെടുക്കുകയോ ;

ചെയ്യുന്നുവെങ്കിൽ, അയാൾ, ആദ്യകുററത്തിൻെറ സംഗതിയിൽ, അൻപതു രൂപയോളമാകാവുന്ന പിഴശിക്ഷയും, മുൻകുററത്തിൻെറ മൂന്നുവർഷത്തിനുള്ളിൽ ചെയ്യുന്ന രണ്ടാമത്തേതോ പിന്നീടുള്ളതോ ആയ കുററത്തിൻെറ സംഗതിയിൽ നൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ മൂന്നു മാസത്തോളമാകാവുന്ന തടവോ, അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു ;

(2) (1)-ാം ഉപവകുപ്പിൻെറ ആവശ്യങ്ങൾക്ക്, ഏതെങ്കിലും കുററം തടയാനുള്ള ലക്ഷ്യത്തോടെ ഒരു ഉടമസ്ഥൻ ന്യായമായ ശ്രദ്ധ ചെലുത്തുകയും മേൽനോട്ടം വഹിക്കുകയും ചെയ്യാതിരുന്നിട്ടുണ്ടെങ്കിൽ അയാൾ അങ്ങനെയുള്ള കുററം ചെയ്തിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

എന്നാൽ, അങ്ങനെയുള്ള ശ്രദ്ധചെലുത്തുകയും മേൽനോട്ടം വഹിക്കുകയും ചെയ്യാതിരുന്നിട്ടുള്ളതു മാത്രം കാരണമായി, ഒരു ഉടമസ്ഥൻ ക്രൂരത അനുവദിച്ചതിനു കുററസ്ഥാപനം ചെയ്യപ്പെടുന്നിടത്ത്, അയാൾ പിഴയടയ്ക്കാനുള്ള ഐച്ഛികാവകാശംകൂടാത്ത, തടവിന് അർഹനായിരിക്കുന്നതല്ല.

(3) ഈ വകുപ്പിലെ യാതൊന്നും —

(ക) നിർണ്ണയിക്കപ്പെടുന്ന രീതിയിൽ, കന്നുകാലിയുടെ കൊമ്പു മുറിക്കുകയോ ഏതെങ്കിലും ജന്തുവിൻെറ വരയുടയ്ക്കുകയോ ചൂടുവയ്ക്കുകയോ മൂക്കുകയറിടുകയോ ചെയ്യുന്നതിനോ ;

(ഖ) അലഞ്ഞുതിരിയുന്ന നായ്ക്കളെ ഏററവും ചുരുങ്ങിയ കഷ്ടതയോടെ കൊലയറകളിൽവച്ചോ മററു സംപ്രദായങ്ങളിലോ നശിപ്പിക്കുന്നതിനോ ; അല്ലെങ്കിൽ

(ഗ) ഏതെങ്കിലും ജന്തുവിൻെറ, തൽസമയം പ്രാബല്യത്തിലുള്ള ഉന്മൂലനത്തിനോ ഏതെങ്കിലും നിയമത്തിൻെറ പ്രാധികാരത്തിൻ കീഴിലുള്ള നശിപ്പിക്കലിനോ ; അല്ലെങ്കിൽ

(ഘ) iv-ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുള്ള ഏതെങ്കിലും വിഷയത്തിനോ, അല്ലെങ്കിൽ

(ങ) മനുഷ്യൻെറ ആഹാരത്തിനായി ഏതെങ്കിലും ജന്തുവിനെ നശിപ്പിക്കുന്നതിനോടോ, നശിപ്പിക്കാൻ ഒരുക്കു കൂട്ടുന്നതിനോടോ ഒപ്പം, അനാവശ്യമായ വേദനയോ കഷ്ടതയോ ഏല്പിക്കൽ ഇല്ലാത്തപക്ഷം, അങ്ങനെയുള്ള നശിപ്പിക്കലിൻെറയോ ഒരുക്കുകൂട്ടലിൻെറയോ ഗതിയിലുള്ള കൃത്യത്തിനോ കൃത്യവിലോപത്തിനോ ;

ബാധകമായിരിക്കുന്നതല്ല.

ഫുക്കായോ ധൂംദേവോ ചെയ്യുന്നതിനുള്ള ദണ്ഡനം.

12. ഏതെങ്കിലും ആൾ, ഏതെങ്കിലും പശുവിന്മേലോ മററ് കറവമൃഗത്തിന്മേലോ ഫൂക്ക എന്നോ ധൂംദേവ് എന്നോ പേർപറയുന്ന ക്രിയ ചെയ്യുകയോ, തൻെറ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള അങ്ങനെയുള്ള ഏതെങ്കിലും മൃഗത്തിന്മേൽ അങ്ങനെയുള്ള ക്രിയചെയ്യാൻ അനുവദിക്കുകയോ ചെയ്യുന്നുവെങ്കിൽ, അയാൾ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ, രണ്ടുവർഷത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ, രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും, ഏതു മൃഗത്തിന്മേലാണോ ആ ക്രിയചെയ്തത്, ആ മൃഗം ഗവൺമെൻറിലേയ്ക്ക് കണ്ടുകെട്ടപ്പെടുന്നതും ആകുന്നു.

കഷ്ടത അനുഭവിക്കുന്ന ജന്തുക്കളെ നശിപ്പിക്കൽ

13. (1) ഒരു ജന്തുവിൻെറ ഉടമസ്ഥൻ 11-ാം വകുപ്പിൻ കീഴിൽ ഒരു കുററത്തിനു കുററസ്ഥാപനം ചെയ്യപ്പെടുന്നിടത്ത്, ആ ജന്തുവിനെ ജീവനോടെ നിലനിറുത്തുന്നത് ക്രൂരമായിരിക്കുമെന്ന് കോടതിക്കു ബോദ്ധ്യപ്പെടുന്നുവെങ്കിൽ, കോടതി, ആ ജന്തുവിനെ നശിപ്പിക്കണമെന്നു നിദേശിക്കുകയും അതിനുവേണ്ടി അതിനെ തക്ക ഏതെങ്കിലും ആൾക്ക് നൽകുകയും ചെയ്യുന്നത് നിയമപരമായിരിക്കുന്നതും ആർക്കാണോ അങ്ങനെയുള്ള ജന്തുവിനെ അപ്രകാരം നൽകുന്നത്, അയാൾ കഴിയുന്നതും വേഗത്തിൽ, അങ്ങനെയുള്ള ജന്തുവിനെ അനാവശ്യമായ കഷ്ടത കൂടാതെ നശിപ്പിക്കുകയോ, തൻെറ സാന്നിദ്ധ്യത്തിൽ നശിപ്പിക്കാൻ ഇടയാക്കുകയോ ചെയ്യേണ്ടതും, ആ ജന്തുവിനെ നശിപ്പിക്കുന്നതിൽ നേരിടുന്ന ന്യായമായ ഏതെങ്കിലും ചെലവ്, ഉടമസ്ഥനിൽനിന്ന്, അത് പിഴയായിരുന്നാലെന്നപോലെ, വസൂലാക്കാൻ കോടതിക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതും ആകുന്നു:

എന്നാൽ ഉടമസ്ഥൻ അതിന് അനുമതി നൽകാത്തപക്ഷം, ആ പ്രദേശത്തിൻെറ ചാർജ്ജുള്ള ഒരു, മൃഗചികിൽസാ ഉദ്യോഗസ്ഥൻെറ തെളിവിൻമേലല്ലാതെ, ഈ വകുപ്പിൻകീഴിൽ യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) ഏതെങ്കിലും ജന്തുവിനെ സംബന്ധിച്ച് 11-ാം വകുപ്പിൻകീഴിൽ ഒരു കുററം ചെയ്യപ്പെട്ടിട്ടുണ്ടെന്ന് ഏതെങ്കിലും മജിസ്ട്രേററിനോ, പോലീസ് കമ്മീഷണർക്കോ, ജില്ലാ പോലീസ് സൂപ്രണ്ടിനോ വിശ്വസിക്കാൻ കാരണമുള്ളപ്പോൾ, തൻെറ അഭിപ്രായത്തിൽ ആ ജന്തുവിനെ ജീവനോടെ നിലനിറുത്തുന്നത് ക്രൂരമായിരിക്കുമെങ്കിൽ അദ്ദേഹത്തിന് ആ ജന്തുവിനെ ഉടനെ നശിപ്പിക്കാൻ നിദേശിക്കാവുന്നതാണ്.

(3) ഏതെങ്കിലും ജന്തുവിനെ, തൻെറ അഭിപ്രായത്തിൽ, അതിനെ ക്രൂരതകൂടാതെ നീക്കംചെയ്യാൻ കഴിയാത്തവിധം രോഗബാധിതമോ ഗുരുതരമായി ക്ഷതിയേററതോ, ശാരീരികാവസ്ഥയിലുള്ളതോ, ആയി കണ്ടെത്തുന്നവനും, കോൺസ്ററബിളിൻെറ പദവിയ്ക്ക് മുകളിലുള്ളവനുമായ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ സ്റേററ് ഗവൺമെൻറ് ഇതിലേയ്ക്ക് പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ആൾക്കോ, ഉടമസ്ഥൻ സന്നിഹിതനല്ലാതിരിക്കുകയോ, അല്ലെങ്കിൽ ആ ജന്തുവിനെ നശിപ്പിക്കാൻ തൻെറ സമ്മതം നിഷേധിക്കുകയോ ചെയ്യുന്നുവെങ്കിൽ, ആ ജന്തുവിനെ കണ്ടെത്തുന്ന പ്രദേശത്തിൻെറ ചാർജ്ജുള്ള മൃഗചികിൽസാ ഉദ്യോഗസ്ഥനെ ഉടനടി വിളിച്ചുവരുത്താവുന്നതും, ആ ജന്തു മാരകമായ വിധം ക്ഷതിയേററതോ, അല്ലെങ്കിൽ അതിനെ ജീവനോടെ നിലനിറുത്തുന്നത് ക്രൂരമായിരിക്കത്തക്കവിധം ഗുരുതരമായി ക്ഷതിയേററതോ, ശാരീരികാവസ്ഥയിലുള്ളതോ ആണെന്ന് ആ മൃഗചികിൽസാ ഉദ്യോഗസ്ഥൻ സർട്ടിഫൈ ചെയ്യുന്നുവെങ്കിൽ, അതതു സംഗതിപോലെ, ആ പോലീസ് ഉദ്യോഗസ്ഥനോ പ്രാധികാരപ്പെടുത്തപ്പെട്ട ആൾക്കോ, ഒരു മജിസ്ട്രേററിൻെറ ഉത്തരവു വാങ്ങിയതിനുശേഷം, ക്ഷതിയേററ ജന്തുവിനെ നശിപ്പിക്കുകയോ നശിപ്പിക്കാൻ ഇടയാക്കുകയോ ചെയ്യാവുന്നതും ആകുന്നു.

(4) ഏതെങ്കിലും ഒരു ജന്തുവിനെ നശിപ്പിക്കുന്നതിനുവേണ്ടിയുള്ള മജിസ്ട്രേററിന്റെ ഉത്തരവിൽനിന്ന്, യാതൊരു അപ്പീലും ഉണ്ടായിരിക്കുന്നതല്ല.

## അദ്ധ്യായം IV

## മൃഗങ്ങളുടെ മേൽ പരീക്ഷണം നടത്തൽ

*ജന്തുക്കളുടെ മേലുള്ള പരീക്ഷണങ്ങൾ*

14. ഈ ആക്ററിലടങ്ങിയ യാതൊന്നും, പുതിയ കണ്ടുപിടിത്തം വഴി ശരീരക്രിയാവിജ്ഞാനപരമായ അറിവിന്റേയോ അല്ലെങ്കിൽ ജീവൻ രക്ഷിക്കുന്നതിനോ ദീർഘിപ്പിക്കുന്നതിനോ കഷ്ടത ശമിപ്പിക്കുന്നതിനോ ഏതെങ്കിലും രോഗത്തോട്, പൊരുതുന്നതിനോ, അത് മനുഷ്യന്റേയോ ജന്തുക്കളുടേയോ സസ്യങ്ങളുടേയോ ആയാലും, ഉപയോഗപ്രദമാകുന്ന അറിവിന്റേയോ പുരോഗതിയ്ക്കുവേണ്ടി ജന്തുക്കളുടെ മേൽ പരീക്ഷണങ്ങൾ (ശസ്ത്രക്രിയകൾ ഉൾക്കൊള്ളുന്ന പരീക്ഷണങ്ങൾ ഉൾപ്പെടെ) നടത്തുന്നതിനെ നിയമവിരുദ്ധമാക്കുന്നതല്ല.

*ജന്തുക്കളുടെ മേലുള്ള പരീക്ഷണങ്ങളുടെ നിയന്ത്രണത്തിനും മേൽനോട്ടത്തിനുമുള്ള കമ്മിററി.*

15. (1) ജന്തുക്കളുടെ മേലുള്ള പരീക്ഷണങ്ങൾ നിയന്ത്രിക്കുകയും, അതിന്റെ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നതിനുവേണ്ടി കമ്മിററിയിലേയ്ക്ക് നിയമിക്കുന്നത് യുക്തമാണെന്നു തോന്നുന്നത്ര ഉദ്യോഗസ്ഥൻമാരും അനുദ്യോഗസ്ഥൻമാരും അടങ്ങുന്ന ഒരു കമ്മിററി രൂപവത്കരിക്കുന്നത് ആവശ്യകമാണെന്ന്, ബോർഡിന്റെ ഉപദേശത്തിൻമേൽ, കേന്ദ്രഗവൺമെന്റിനു ഏതെങ്കിലും സമയത്ത് അഭിപ്രായമുണ്ടെങ്കിൽ, കേന്ദ്ര ഗവൺമെന്റിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, അപ്രകാരം ചെയ്യാവുന്നതാകുന്നു.

(2) കമ്മിററിയിലെ അംഗങ്ങളിൽ ഒരാളെ, അതിന്റെ ചെയർമാനായി കേന്ദ്രഗവൺമെന്റ് നാമനിർദ്ദേശം ചെയ്യേണ്ടതാകുന്നു.

(3) കമ്മിററിക്ക്, അതിന്റെ കർത്തവ്യങ്ങളുടെ നിർവ്വഹണം സംബന്ധിച്ച് സ്വന്തം നടപടിക്രമം ക്രമപ്പെടുത്തുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(4) കമ്മിററിയുടെ പണം, ഗവൺമെന്റ്, അതിനു അപ്പോഴപ്പോൾ നൽകുന്ന ഗ്രാൻറുകളും, ഏതെങ്കിലും ആൾ അതിന് നൽകുന്ന അംശദായങ്ങളും, സംഭാവനകളും വരിസംഖ്യകളും ഒസ്യത്തുമുതലുകളും ദാനങ്ങളും സദൃശമായവയും അടങ്ങിയതായിരിക്കുന്നതാണ്.

*കമ്മിററിയുടെ സ്ററാഫ്.*

16. കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിനു വിധേയമായി, കമ്മിററിക്ക് അതിന്റെ അധികാരങ്ങൾ പ്രയോഗിക്കാനും അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കാനും അതിനു കഴിവുണ്ടാക്കിത്തീർക്കുന്നതിന് ആവശ്യകമായത്ര ഉദ്യോഗസ്ഥൻമാരേയും മററു ജീവനക്കാരേയും നിയമിക്കാവുന്നതും, അങ്ങനെയുള്ള ഉദ്യോഗസ്ഥൻമാരുടേയും മററു ജീവനക്കാരുടേയും വേതനവും മററു സേവന നിബന്ധനകളും സേവനവ്യവസ്ഥകളും നിശ്ചയിക്കാവുന്നതും ആകുന്നു.

*കമ്മിററിയുടെ കർത്തവ്യങ്ങളും ജന്തുക്കളുടെ മേലുള്ളപരീക്ഷണങ്ങൾ സംബന്ധിച്ച് ചട്ടങ്ങളുണ്ടാക്കാൻ കമ്മിററിക്കുള്ള അധികാരവും.*

17. (1) ജന്തുക്കളുടെമേൽ പരീക്ഷണങ്ങൾ നടത്തുന്നതിനു മുൻപോ, നടത്തുന്നതിനിടയിലോ നടത്തിയതിനുശേഷമോ അവയെ അനാവശ്യകമായ വേദനയ്ക്കോ കഷ്ടതയ്ക്കോ വിധേയമാക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യകമാകാവുന്ന എല്ലാ നടപടികളും കൈക്കൊള്ളുന്നത് കമ്മിററിയുടെ കർത്തവ്യമായിരിക്കുന്നതും, അതിനുവേണ്ടി കമ്മിററിക്ക്, ഇൻഡ്യാ ഗസററിൽ വിജ്ഞാപനം വഴിയും, മുൻകൂട്ടി പ്രസിദ്ധപ്പെടുത്തുക എന്ന ഉപാധിക്കുവിധേയമായും, അങ്ങനെയുള്ള പരീക്ഷണങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് യുക്തമെന്ന് തോന്നുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും ആകുന്നു.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗംവരാതേയും, കമ്മിററി ഉണ്ടാക്കുന്ന ചട്ടങ്ങൾ, താഴെപറയുന്ന ലക്ഷ്യങ്ങൾ നേടുന്നതിന് ഉദ്ദേശിച്ചുള്ളവയായിരിക്കേണ്ടതാകുന്നു, അതായത്:—

(ക) പരീക്ഷണങ്ങൾ ഏതെങ്കിലും സ്ഥാപനത്തിൽ നടത്തപ്പെടുന്ന സംഗതികളിൽ, അതിനുള്ള ഉത്തരവാദിത്വം ആ സ്ഥാപനത്തിന്റെ ചാർജ്ജുള്ള ആളിൽ നിക്ഷിപ്തമായിരിക്കുക എന്നതും, പരീക്ഷണങ്ങൾ ഒരു സ്ഥാപനത്തിന് പുറത്ത് വ്യക്തികളാൽ നടത്തപ്പെടുന്ന സംഗതികളിൽ, ആ വ്യക്തികൾ അതിലേയ്ക്കുയോഗ്യതയുള്ളവരായിരിക്കുകയും, പരീക്ഷണങ്ങൾഅവരുടെ പൂർണ്ണ ഉത്തരവാദിത്വത്തിൻമേൽ നടത്തപ്പെടുകയും ചെയ്യുകയെന്നതും;

(ഖ) പരീക്ഷണങ്ങൾ, വേണ്ടത്ര ശ്രദ്ധയോടും ദയവോടും കൂടിനടത്തപ്പെടുകഎന്നതും, ശസ്ത്രക്രിയകൾ ഉൾക്കൊള്ളുന്ന പരീക്ഷണങ്ങൾ, കഴിയുന്നത്ര, ജന്തുക്കൾ വേദന അനുഭവിക്കുന്നതു തടയാൻ മതിയായ ശക്തിയുള്ള വല്ല സംവേദനഹാരിയുടേയും ശക്തിക്കു കീഴിൽ നടത്തപ്പെടുക എന്നതും;

(ഗ) സംവേദനഹാരികളുടെ സ്വാധീനശക്തിക്ക് കീഴിലുള്ള പരീക്ഷണങ്ങളുടെ ഗതിയിൽ, തങ്ങളുടെ ഭേദപ്പെടൽ ഗുരുതരമായ കഷ്ടത ഉൾക്കൊള്ളുന്നതായിരിക്കത്തക്കവിധം ക്ഷതിയേല്പിക്കുന്ന ജന്തുക്കളെ, സംവേദനാരഹിതമായിരിക്കുമ്പോൾ തന്നെ സാധാരണമായി നശിപ്പിക്കുക എന്നത്;

(ഘ) ജന്തുക്കളുടെ മേലുള്ള പരീക്ഷണങ്ങൾ ഒഴിവാക്കാൻ കഴിയുന്നിടത്തെല്ലാം—ഉദാഹരണമായി മെഡിക്കൽ സ്കൂളുകൾ ആശുപത്രികൾ കോളജുകൾ മുതലായിടത്ത്, പുസ്തകങ്ങൾ, മാതൃകകൾ ഫിലിമുകൾ മുതലായവപോലെയുള്ള പാഠോപകരണങ്ങൾ തുല്യനിലയിൽ മതിയാകുമെങ്കിൽ അപ്രകാരം ചെയ്യുക എന്നതും;

(ങ) എലിപ്പന്നികൾ, മുയലുകൾ, തവളകൾ, എലികൾ മുതലായ ചെറിയ പരീക്ഷണശാല ജന്തുക്കളിൻമേലുള്ള പരീക്ഷണങ്ങൾവഴി, അതേ ഫലങ്ങൾ നേടാൻ സാദ്ധ്യമായിരിക്കുമ്പോൾ, കൂടുതൽ വലിപ്പമുള്ള ജന്തുക്കളുടെ മേലുള്ള പരീക്ഷണങ്ങൾ ഒഴിവാക്കുക എന്നത്;

(ച) കൈത്തഴക്കം ആർജ്ജിക്കാൻ വേണ്ടി മാത്രം പരീക്ഷണങ്ങൾ കഴിയുന്നിടത്തോളം, നടത്താതിരിക്കുക എന്നത്;

(ഛ) പരീക്ഷണങ്ങൾ നടത്തുന്നതിനുവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ജന്തുക്കളെ, പരീക്ഷണങ്ങൾക്കു മുൻപും പിൻപും വേണ്ടവിധം സംരക്ഷിക്കപ്പെടുക എന്നത്;

(ജ) ജന്തുക്കളുടെമേൽ നടത്തുന്ന പരീക്ഷണങ്ങൾ സംബന്ധിച്ച്, തക്ക റിക്കാർഡുകൾ വച്ചുപോരുക എന്നത്.

(3) ഈ വകുപ്പിൻകീഴിൽ ഏതെങ്കിലും ചട്ടങ്ങൾ ഉണ്ടാക്കുന്നതിൽ, കമ്മിററി ആ (കമ്മിററി രൂപവൽക്കരിച്ചിട്ടുള്ളത് ഏതു ലക്ഷ്യങ്ങൾക്കുവേണ്ടിയാണോ ആ ലക്ഷ്യങ്ങൾക്കു സംഗതമായി) കേന്ദ്ര ഗവൺമെൻറ് അതിനു നൽകുന്ന നിദേശങ്ങളാൽ നയിക്കപ്പെടേണ്ടതും, അങ്ങനെയുള്ള നിദേശങ്ങൾ നൽകാൻ കേന്ദ്ര ഗവൺമെൻറിനെ ഇതിനാൽ പ്രാധികാരപ്പെടുത്തപ്പെട്ടിരിക്കുന്നതും ആകുന്നു.

(4) കമ്മിററി ഉണ്ടാക്കുന്ന എല്ലാ ചട്ടങ്ങളും, സ്ഥാപനങ്ങൾക്ക് പുറത്ത് പരീക്ഷണങ്ങൾ നടത്തുന്ന എല്ലാ വ്യക്തികൾക്കും, പരീക്ഷണങ്ങൾ നടത്തപ്പെടുന്ന സ്ഥാപനങ്ങളുടെ ചാർജ്ജുള്ള ആളുകൾക്കും ബാധകമായിരിക്കുന്നതാണ്.

പ്രവേശനത്തിനും പരിശോധനയ്ക്കുമുള്ള അധികാരം.

18. കമ്മിററിക്ക് അത് ഉണ്ടാക്കുന്ന ചട്ടങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നുണ്ടെന്നു ഉറപ്പു വരുത്തുന്നതിനുവേണ്ടി അതിൻെറ ഉദ്യോഗസ്ഥൻമാരിൽ ആരെയെങ്കിലുമോ, മററേതെങ്കിലും ആളേയോ പരീക്ഷണങ്ങൾ നടത്തിക്കൊണ്ടുപോകുന്ന ഏതെങ്കിലും സ്ഥാപനമോ സ്ഥലമോ പരിശോധിക്കാനും അങ്ങനെയുള്ള പരിശോധനയുടെ ഫലമായി അതിനു റിപ്പോർട്ടുചെയ്യാനും, ലിഖിതമായി പ്രാധികാരപ്പെടുത്താവുന്നതും, അപ്രകാരം പ്രാധികാരപ്പെടുത്തപ്പെടുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ ആൾക്കോ.—

(ക) ജന്തുക്കളുടെമേൽ പരീക്ഷണങ്ങൾ നടത്തിക്കൊണ്ടുപോകുന്ന ഏതെങ്കിലും സ്ഥാപനത്തിലോ സ്ഥലത്തോ, തനിക്കു ന്യായമാണെന്നു തോന്നുന്ന ഏതു സമയത്തും പ്രവേശിക്കുകയും പരിശോധിക്കുകയും ചെയ്യാവുന്നതും;

(ഖ) ഏതെങ്കിലും ആളോട്, ജന്തുക്കളുടെമേലുള്ള പരീക്ഷണങ്ങൾ സംബന്ധിച്ച് അയാൾ വച്ചുപോരുന്ന ഏതെങ്കിലും റിക്കാർഡ് ഹാജരാക്കുവാൻ ആവശ്യപ്പെടാവുന്നതും;

ആകുന്നു.

ജന്തുക്കളുടെമേലുള്ള പരീക്ഷണങ്ങൾ നിരോധിക്കുന്നതിനുള്ള അധികാരം.

19. 18-ാം വകുപ്പിൻകീഴിലെ ഏതെങ്കിലും പരിശോധനയുടെ ഫലമായി ഏതെങ്കിലും ഉദ്യോഗസ്ഥനോ മററ് ആളോ കമ്മിററിക്ക് നൽകുന്ന റിപ്പോർട്ടിൻമേലോ മററു വിധത്തിലോ ജന്തുക്കളുടെ മേൽ പരീക്ഷണങ്ങൾ നടത്തിക്കൊണ്ടുപോകുന്ന ഏതെങ്കിലും ആളോ സ്ഥാപനമോ, കമ്മിററി 17-ാം വകുപ്പിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നില്ലെന്ന് ബോദ്ധ്യമാകുന്നുവെങ്കിൽ, കമ്മിററിക്ക്, ആ ആൾക്കോ സ്ഥാപനത്തിനോ ആ വിഷയത്തിൽ പറയുവാനുള്ളതു പറയുവാൻ അവസരം നൽകിയതിനുശേഷം, ഉത്തരവുവഴി, ആ ആളേയോ സ്ഥാപനത്തേയോ, അങ്ങനെയുള്ള ഏതെങ്കിലും പരീക്ഷണങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിൽനിന്ന് ഒരു വിനിർദ്ദിഷ്ട കാലത്തേയ്ക്കോ അനിശ്ചിതകാലത്തേയ്ക്കോ നിരോധിക്കാവുന്നതോ, അല്ലെങ്കിൽ ചുമത്തുന്നതു യുക്തമാണെന്നു തോന്നുന്ന പ്രത്യേക ഉപാധികൾക്ക് വിധേയമായി, അങ്ങനെയുള്ള പരീക്ഷണങ്ങൾ നടത്തിക്കൊണ്ടുപോകാൻ ആ ആളേയോ സ്ഥാപനത്തേയോ അനുവദിക്കാവുന്നതോ ആകുന്നു.

ദണ്ഡനങ്ങൾ.

20. ഏതെങ്കിലും ആൾ—

(ക) 19-ാം വകുപ്പിൻകീഴിൽ കമ്മിററി പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവ് ഉല്ലംഘിക്കുകയോ ; അല്ലെങ്കിൽ

(ഖ) ആ വകുപ്പിൻകീഴിൽ കമ്മിററി ചുമത്തുന്ന ഏതെങ്കിലും ഉപാധി ലംഘിക്കുകയോ ;

ചെയ്യുന്നുവെങ്കിൽ, അയാൾ ഇരുന്നൂറുരൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും, ഉല്ലംഘനമോ ഉപാധിയുടെ ലംഘനമോ നടന്നിട്ടുള്ള ഏതെങ്കിലും സ്ഥാപനത്തിലാണെങ്കിൽ ആ സ്ഥാപനത്തിൻെറ ചാർജ്ജു വഹിക്കുന്ന ആൾ ആ കുററത്തിന് അപരാധിയായി കരുതപ്പെടുന്നതും അതനുസരിച്ച് ശിക്ഷിക്കപ്പെടുന്നതും ആകുന്നു.

## അദ്ധ്യായം V

### പ്രദർശന ജന്തുക്കൾ

“പ്രദർശിപ്പിക്കുക” “പരിശീലിപ്പിക്കുക” നിർവ്വചനം.

21. ഈ അദ്ധ്യായത്തിൽ, “പ്രദർശിപ്പിക്കുക” എന്നാൽ, ടിക്കററുകൾ വിററ് പൊതു ജനങ്ങൾക്ക് പ്രവേശനം അനുവദിക്കുന്ന ഏതെങ്കിലും വിനോദത്തിൽ പ്രദർശിപ്പിക്കുക എന്നും, “പരിശീലിപ്പിക്കുക” എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും പ്രദർശനത്തിനുവേണ്ടി പരിശീലിപ്പിക്കുക എന്നും അർത്ഥമാകുന്നതും, “പ്രദർശകൻ” എന്നും “പരിശീലകൻ” എന്നുമുള്ള പദങ്ങൾക്ക് യഥാക്രമം തദനുസാരിയായ അർത്ഥം ഉണ്ടായിരിക്കുന്നതും ആകുന്നു.

പ്രദർശന ജന്തുക്കളെ പ്രദർശിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നതിന്മേലുള്ള നിയന്ത്രണം.

22. യാതൊരാളും—

(i) താൻ ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി രജിസ്ററർ ചെയ്യപ്പെടാത്തപക്ഷം, ഏതെങ്കിലും പ്രദർശന ജന്തുവിനെ പ്രദർശിപ്പിക്കുകയോ പരിശീലിപ്പിക്കുകയോ ;

(ii) പ്രദർശന ജന്തുവായി പ്രദർശിപ്പിക്കുകയോ പരിശീലിപ്പിക്കുകയോ ചെയ്യാൻ പാടില്ലാത്ത ജന്തുവായി കേന്ദ്രഗവൺമെൻറ്, ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി വിനിർദ്ദേശിക്കുന്ന ഏതെങ്കിലും ജന്തുവിനെ പ്രദർശന ജന്തുവായി പ്രദർശിപ്പിക്കുകയോ പരിശീലിപ്പിക്കുകയോ,

ചെയ്യാൻ പാടുള്ളതല്ല.

രജിസ്ട്രേഷനുള്ള നടപടിക്രമം.

23. (1) ഏതെങ്കിലും പ്രദർശന ജന്തുവിനെ പ്രദർശിപ്പിക്കുകയോ പരിശീലിപ്പിക്കുകയോ ചെയ്യാൻ ആഗ്രഹിക്കുന്ന ഏതൊരാളും നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനത്തിന് നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ അപേക്ഷ കൊടുക്കുകയും നിർണ്ണയിക്കപ്പെടുന്നഫീസ് ഒടുക്കുകയും ചെയ്യുന്നതിന്മേൽ, അയാൾ, ഈ അദ്ധ്യായത്തിൻകീഴിൽ കോടതി പുറപ്പെടുവിക്കുന്ന ഉത്തരവുകാരണമായി ഈ ആക്ററിൻകീഴിൽ രജിസ്ററർ ചെയ്യപ്പെടാൻ അവകാശമില്ലാത്തവനായിരിക്കാത്തപക്ഷം അപ്രകാരം രജിസ്ററർ ചെയ്യപ്പെടുന്നതാകുന്നു.

(2) ഈ അദ്ധ്യായത്തിൻകീഴിലെ രജിസ്ട്രേഷന് ഉള്ള അപേക്ഷ, ജന്തുക്കളെ സംബന്ധിച്ചും, ഏത് പ്രദർശനങ്ങളിലാണ് അവയെ പ്രദർശിപ്പിക്കുന്നത്, അല്ലെങ്കിൽ ഏത് പ്രദർശനങ്ങൾക്കാണ് അവയെ പരിശീലിപ്പിക്കുന്നത്, ആ പ്രദർശനങ്ങളുടെ സാമാന്യ പ്രകൃതം സംബന്ധിച്ചും നിർണ്ണയിക്കപ്പെടുന്ന വിവരങ്ങൾ അടങ്ങിയതായിരിക്കേണ്ടതും, അപ്രകാരം നല്കപ്പെടുന്ന വിവരങ്ങൾ നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനം വച്ചുപോരുന്ന രജിസ്ററിൽ ചേർക്കേണ്ടതും ആകുന്നു.

(3) നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനം, അവർ വച്ചുപോരുന്ന രജിസ്ററിൽ പേരു കാണുന്ന ഏതൊരാൾക്കും, രജിസ്ററിൽ ചേർത്തിട്ടുള്ള വിവരങ്ങൾ അടങ്ങുന്നതും, നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലുള്ളതുമായ രജിസ്ട്രേഷൻ സർട്ടിഫിക്കററ് കൊടുക്കേണ്ടതാകുന്നു.

(4) ഈ അദ്ധ്യായത്തിൻ കീഴിൽ വച്ചുപോരുന്ന ഏതൊരുരജിസ്ററും, നിർണ്ണയിക്കപ്പെടുന്ന ഫീസ് ഒടുക്കുന്നതിന്മേൽ ന്യായമായ എല്ലാ സമയങ്ങളിലും പരിശോധനയ്ക്ക് പ്രാപ്യമായിരിക്കേണ്ടതും, നിർണ്ണയിക്കപ്പെടുന്ന ഫീസ് ഒടുക്കുന്നതിന്മേൽ ഏതെങ്കിലും ആൾക്കു അവയുടെ പകർപ്പുകൾ ലഭിക്കുന്നതിനും അവയിൽ നിന്ന് എക്സ്ട്രാക്ററുകൾ എടുക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതും ആകുന്നു.

(5) രജിസ്ററിൽ പേരു ചേർത്ത ഏതെങ്കിലും ആൾക്ക്, തന്നെ സംബന്ധിച്ച് രജിസ്ററിൽ ചേർത്തിരിക്കുന്ന വിവരങ്ങൾ വ്യത്യാസപ്പെടുത്തിക്കിട്ടാൻ അതിലേയ്ക്കുള്ള അപേക്ഷ കൊടുക്കുന്നതിന്മേൽ ഈ ആക്ററിൻകീഴിൽ ഏതെങ്കിലും കോടതി പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി, അവകാശമുണ്ടായിരിക്കുന്നതും, അങ്ങനെയുള്ള ഏതെങ്കിലും വിവരങ്ങൾ അപ്രകാരം വ്യത്യാസപ്പെടുത്തുന്നിടത്ത്, നിലവിലുള്ള സർട്ടിഫിക്കററ് റദ്ദാക്കുകയും പുതിയ സർട്ടിഫിക്കററ് നല്കുകയും ചെയ്യേണ്ടതും ആകുന്നു.

പ്രദർശനജന്തുക്കളുടെ പ്രദർശനവും പരിശീലനവും നിരോധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുന്നതിന് കോടതിക്കുള്ള അധികാരം.

ഒരു പോലീസ് ഉദ്യോഗസ്ഥനോ 23-ാം വകുപ്പിൽ പരാമർശിച്ച നിർ
24. (1) ഒരു പോലീസ് ഉദ്യോഗസ്ഥനോ ലിഖിതമായി പ്രാധികാരപ്പെടുത്തുന്ന ഉദ്യോ
ണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനം ലിഖിതമായി ഏതെങ്കിലും പ്രദർശനജന്തുവിന്റെ
ഗസ്ഥനോ കൊടുക്കുന്ന പരാതിയിന്മേൽ വേദനയോടോ കഷ്ടതയോടോ
പരിശീലനമോ പ്രദർശനമോ അനാവശ്യകമായ ഉപാധികൾക്കു വിധേയമായി
കൂടിയതാണെന്നും, അത് നിരോധിക്കപ്പെടുകയോ ഏതെങ്കിലും മജിസ്ട്രേററിന്
മാത്രം അനുവദിക്കപ്പെടുകയോ ചെയ്യേണ്ടതാണെന്നും, കോടതിക്ക്, ഏത് ആളെ സംബ
ബോദ്ധ്യപ്പെടുന്നവിധം തെളിയിക്കപ്പെടുന്നിടത്ത്, ആ ആൾക്കെതിരായി, ആ പരിശീലനമോ
ന്ധിച്ചാണോ പരാതി കൊടുക്കുന്നത് ആ അവയെ സംബന്ധിച്ച് ഉത്തര
പ്രദർശനമോ നിരോധിച്ചുകൊണ്ടോ അല്ലെങ്കിൽ ഉള്ള ഉത്തരവ് പുറ
വിൽ വിനിർദ്ദേശിയ്ക്കുന്ന ഉപാധികൾ ചുമത്തിക്കൊണ്ടോ
പ്പെടുവിക്കാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ ഉത്തരവ് പുറപ്പെടുവിക്കുന്ന ഏതെങ്കിലും
കോടതി, അത് പുറപ്പെടുവിച്ചതിനുശേഷം, ആകുന്നത്രവേഗത്തിൽ, ഏത് ആൾക്കെ
തിരായാണോ ആ ഉത്തരവു പുറപ്പെടുവിക്കുന്നത്, ആ ആളെ രജിസ്ററർ ചെയ്
തിരിക്കുന്ന നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനത്തിന് ആ ഉത്തരവിന്റെ ഒരു
പകർപ്പ് അയച്ചുകൊടുപ്പിക്കുകയും അയാളുടെ കൈവശമുള്ള സർട്ടിഫിക്കററി
നുമേൽ ആ ഉത്തരവിലെ വിവരങ്ങൾ എൻഡോഴ്സ് ചെയ്യിപ്പിക്കുകയും ചെയ്യേ
ണ്ടതും അയാൾ, എൻഡോഴ്സ്മെന്റിന്റെ ആവശ്യങ്ങൾക്കായി സർട്ടിഫിക്കററ്
ഹാജരാക്കാൻ കോടതി ആവശ്യപ്പെടുന്നതിൻമേൽ അപ്രകാരം ചെയ്യേണ്ടതും ഈ
വകുപ്പിൻകീഴിൽ ഉത്തരവിന്റെ പകർപ്പ് അയച്ചുകൊടുക്കുന്നത് ഏതു നിർണ്ണയി
ക്കപ്പെട്ട അധികാരസ്ഥാനത്തിനാണോ ആ അധികാരസ്ഥാനം ഉത്തരവിലെ വിവര
ങ്ങൾ ആ രജിസ്റററിൽ ചേർക്കേണ്ടതും ആകുന്നു.

കെട്ടിട പരിസരങ്ങളിൽ പ്രവേശിക്കാനുള്ള അധികാരം.

25. (1) 23-ാം വകുപ്പിൽ പരാമർശിച്ച നിർണ്ണയിക്കപ്പെടുന്ന അധികാര
സ്ഥാനം ലിഖിതമായി പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ആൾക്കും, സബ്
ഇൻസ്പെക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും പോലീസ് ഉദ്യോഗ
സ്ഥനും—

(ക) ന്യായമായ എല്ലാ സമയങ്ങളിലും ഏതെങ്കിലും പ്രദർശനജന്തുവിനെ
പരിശീലിപ്പിക്കുകയോ പ്രദർശിപ്പിക്കുകയോ, അല്ലെങ്കിൽ പരിശീലനത്തിനോ
പ്രദർശനത്തിനോ ആയി വച്ചുപോരുകയോ ചെയ്യുന്ന ഏതെങ്കിലും കെട്ടിട
പരിസരങ്ങളിൽ പ്രവേശിക്കുകയും ആ പരിസരങ്ങളും അവിടെ കാണപ്പെടുന്ന
അങ്ങനെയുള്ള ഏതെങ്കിലും ജന്തുക്കളേയും പരിശോധിക്കുകയും ചെയ്യാവുന്നതും ;

(ഖ) പ്രദർശന ജന്തുക്കളുടെ പരിശീലകനോ പ്രദർശകനോ ആണെന്ന്
തനിക്ക് വിശ്വസിക്കാൻ കാരണമുള്ള ഏതെങ്കിലും ആളോട്, അയാളുടെ രജിസ്
ട്രേഷൻ സർട്ടിഫിക്കററ് ഹാജരാക്കാൻ ആവശ്യപ്പെടാവുന്നതും ;

ആകുന്നു.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന യാതൊരാൾക്കും അല്ലെങ്കിൽ
പോലീസ് ഉദ്യോഗസ്ഥനും പ്രദർശനജന്തുക്കളുടെ പൊതു പ്രദർശനത്തിനിടയിൽ
സ്റേറജിലോ അതിന്റെ പുറകിലോ പോകാൻ ഈ വകുപ്പിൻകീഴിൽ അവകാശ
മുണ്ടായിരിക്കുന്നതല്ല.

കുററങ്ങൾ.

26. ഏതെങ്കിലും ആൾ —

(ക) ഈ അദ്ധ്യായത്തിൻകീഴിൽ രജിസ്ററർ ചെയ്യപ്പെടാതിരിക്കെ, ഏതെ
ങ്കിലും പ്രദർശനജന്തുവിനെ പ്രദർശിപ്പിക്കുകയോ പരിശീലിപ്പിക്കുകയോ ;

അല്ലെങ്കിൽ

(ഖ) ഈ ആക്ററിൻകീഴിൽ രജിസ്ററർ ചെയ്യപ്പെട്ടിരിക്കെ, ഏതു പ്രദർശന
ജന്തുവിനെ സംബന്ധിച്ചാണോ താൻ രജിസ്ററർ ചെയ്യപ്പെടാത്തത്, അങ്ങനെയുള്ള
ഏതെങ്കിലും ജന്തുവിനേയോ, അല്ലെങ്കിൽ ഏതു രീതി സംബന്ധിച്ചാണോ താൻ
രജിസ്ററർ ചെയ്യപ്പെടാത്തത്, അങ്ങനെയുള്ള രീതിയിലോ, പ്രദർശിപ്പിക്കുകയോ
പരിശീലിപ്പിക്കുകയോ ; അല്ലെങ്കിൽ

(ഗ) 22-ാം വകുപ്പ് (ii)—ാം ഖണ്ഡത്തിൻകീഴിൽ പുറപ്പെടുവിക്കുന്ന
വിജ്ഞാപനം കാരണമായി പ്രദർശനജന്തുവായി പ്രദർശിപ്പിക്കുകയോ പരിശീ
ലിപ്പിക്കുകയോ ചെയ്യുന്നതിനുവേണ്ടി ഉപയോഗിക്കപ്പെടാൻ പാടില്ലാത്ത ഏതെ
ങ്കിലും ജന്തുവിനെ, അപ്രകാരം പ്രദർശിപ്പിക്കുകയോ പരിശീലിപ്പിക്കുകയോ ;
അല്ലെങ്കിൽ

(ഘ) 25-ാം വകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും ആളേയോ പോലീസ്
ഉദ്യോഗസ്ഥനേയോ, പ്രവേശനവും പരിശോധനയും സംബന്ധിച്ച് ഈ
ആക്ററിൽ കീഴിലുള്ള അധികാരങ്ങൾ പ്രയോഗിക്കുന്നതിൽ തടസ്സപ്പെടു
ത്തുകയോ മനഃപൂർവ്വം താമസപ്പെടുത്തുകയോ ; അല്ലെങ്കിൽ

(ങ) അങ്ങനെയുള്ള പരിശോധന ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ
ഏതെങ്കിലും ജന്തുവിനെ ഒളിപ്പിക്കുകയോ ; അല്ലെങ്കിൽ

(ച) ഈ ആക്ററിൻകീഴിൽ രജിസ്ററർ ചെയ്യപ്പെട്ട ആൾ ആയിരിക്കെ, ഈ
ആക്ററിൻകീഴിലെ അയാളുടെ സർട്ടിഫിക്കററ് ഹാജരാക്കാൻ ഈ ആക്ററനു
സരിച്ച് മുറപ്രകാരം ആവശ്യപ്പെടുന്നതിൻമേൽ, നീതിപൂർവ്വകമായ ന്യായീകരണം
കൂടാതെ അപ്രകാരം ചെയ്യാതിരിക്കുകയോ ; അല്ലെങ്കിൽ

(ങ) ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെടാൻ അവകാശമില്ലാതിരിക്കെ, അപ്രകാരം രജിസ്റ്റർ ചെയ്യപ്പെടാൻ അപേക്ഷിക്കുകയോ ;

ചെയ്യുന്നുവെങ്കിൽ, അയാൾ കുററസ്ഥാപനം ചെയ്യപ്പെടുന്നതിൻമേൽ അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ മൂന്നുമാസത്തോളമാകാവുന്ന തടവുശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

അപവാദങ്ങൾ.—

27. ഈ അദ്ധ്യായത്തിൽ അടങ്ങിയ യാതൊന്നും.—

(ക) ഉത്തമവിശ്വാസപൂർവ്വമുള്ള, പട്ടാള ആവശ്യങ്ങൾക്കോ പോലീസ് ആവശ്യങ്ങൾക്കോ ആയുള്ള ജന്തുക്കളുടെ പരിശീലനത്തിനോ, അപ്രകാരം പരിശീലിക്കപ്പെടുന്ന ഏതെങ്കിലും ജന്തുക്കളുടെ പ്രദർശനത്തിനോ ; അല്ലെങ്കിൽ

(ഖ) പ്രദർശനത്തിനായി ജന്തുക്കളെ സൂക്ഷിക്കുന്ന ഏതെങ്കിലും പൊതു പാർക്കിലോ, അല്ലെങ്കിൽ വിദ്യാഭ്യാസാവശ്യങ്ങൾക്കോ ശാസ്ത്രാവശ്യങ്ങൾക്കോ ജന്തുക്കളെ പ്രദർശിപ്പിക്കുന്നത് മുഖ്യോദ്ദേശ്യമായിട്ടുള്ള ഏതെങ്കിലും സംഘമോ സമാജമോ സൂക്ഷിക്കുന്ന ഏതെങ്കിലും ജന്തുക്കൾക്കോ ;

ബാധകമായിരിക്കുന്നതല്ല.

## അദ്ധ്യായം VI

## പലവക

കൊല്ലുന്നതിന് മതം നിർണ്ണയിക്കുന്ന രീതിയെ സംബന്ധിച്ച ഒഴിവാക്കൽ.—

28. ഏതെങ്കിലും ജന്തുവിനെ ഏതെങ്കിലും സമുദായത്തിന്റെ മതം ആവശ്യപ്പെടുന്ന രീതിയിൽ കൊല്ലുന്നതിനെ ഈ ആക്റ്റിൽ അടങ്ങിയ യാതൊന്നും കുററമാക്കിത്തീർക്കുന്നതല്ല.

കുററസ്ഥാപനം ചെയ്യപ്പെടുന്ന ആൾക്ക് ജന്തുവിന്റെ ഉടമസ്ഥത ഇല്ലാതാക്കാൻ കോടതിക്കുള്ള അധികാരം.—

29. (1) ഏതെങ്കിലും ജന്തുവിന്റെ ഉടമസ്ഥൻ ഈ ആക്റ്റിൻ കീഴിലെ ഏതെങ്കിലും കുററത്തിന് അപരാധിയാണെന്ന് കാണപ്പെടുന്നുവെങ്കിൽ, അതിനുള്ള അയാളുടെ കുററസ്ഥാപനത്തിൻമേൽ, കോടതിക്ക്, യുക്തമെന്നു തോന്നുന്നുവെങ്കിൽ, മറെറതെങ്കിലും ശിക്ഷയ്ക്കുപുറമേ, ഏത് ജന്തുവിനെ സംബന്ധിച്ചാണോ കുററം ചെയ്യപ്പെട്ടത്, ആ ജന്തുവിനെ ഗവൺമെൻറിലേയ്ക്കു കണ്ടുകെട്ടിയിരിക്കുന്നതായി ഉത്തരവു പുറപ്പെടുവിക്കാവുന്നതും, കൂടാതെ ആ ജന്തുവിനെ എന്തുചെയ്യണമെന്നതു സംബന്ധിച്ച് ആ പരിത:സ്ഥിതികളിൽ യുക്തമെന്നു തോന്നുന്ന ഉത്തരവു പുറപ്പെടുവിക്കാവുന്നതും ആകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിലെ യാതൊരുത്തരവും ഈ ആക്റ്റിൻ കീഴിലെ ഒരു മുൻ കുററസ്ഥാപനത്തെ സംബന്ധിച്ചുള്ളതോ, ഉടമസ്ഥന്റെ സ്വഭാവത്തെ സംബന്ധിച്ചുള്ളതോ ജന്തുവിനോടുള്ള പെരുമാററത്തെസംബന്ധിച്ച് മററു വിധത്തിലുള്ളതോ ആയ തെളിവുവഴി, ഉടമസ്ഥന്റെ വശം വിടുന്നുവെങ്കിൽ ആ ജന്തു കൂടുതൽ ക്രൂരതയ്ക്കു വിധേയമാക്കപ്പെടാനിടയുണ്ടെന്ന് കാണിക്കപ്പെടാത്തപക്ഷം, പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പിൽ അടങ്ങിയ വ്യവസ്ഥകൾക്കു ഭംഗംവരാതെ കോടതിക്ക്, ഈ ആക്റ്റിൻ കീഴിലെ ഒരു കുററത്തിന്, കുററസ്ഥാപനം ചെയ്യപ്പെടുന്ന ഒരാൾ, സ്ഥിരമായോ അല്ലെങ്കിൽ ഉത്തരവു നിജപ്പെടുത്തുന്ന കാലത്തേയ്ക്കോ, ഏതെങ്കിലും ജന്തുവിന്റെ, അത് ഏതു തരത്തിലുള്ളതായാലും, അല്ലെങ്കിൽ കോടതിക്ക് യുക്തമെന്നു തോന്നുന്നതുപോലെ, ഉത്തരവിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും തരത്തിലോ ജാതിയിലോപെട്ട ഏതെങ്കിലും ജന്തുവിന്റെ സൂക്ഷിപ്പുണ്ടായിരിക്കുന്നതിൽനിന്ന് നിരോധിക്കപ്പെട്ടിരിക്കുന്നതായി ഉത്തരവു പുറപ്പെടുവിക്കാവുന്നതുമാകുന്നു.

(4) (3)-ാം ഉപവകുപ്പിൻ കീഴിലെ യാതൊരുത്തരവും—

(ക) ഒരു മുൻ കുററസ്ഥാപനം സംബന്ധിച്ചുള്ളതോ, മുൻപറഞ്ഞ ആളുടെ സ്വഭാവത്തെസംബന്ധിച്ചുള്ളതോ അയാൾ കുററസ്ഥാപനം ചെയ്യപ്പെട്ടത് ഏതു ജന്തുവിനെ സംബന്ധിച്ചാണോ ആ ജന്തുവിനോടുള്ള പെരുമാററം സംബന്ധിച്ച് മററു വിധത്തിലുള്ളതോ ആയ തെളിവുവഴി, മുൻപറഞ്ഞ ആളുടെ സൂക്ഷിപ്പിലുള്ള ഒരു ജന്തു ക്രൂരതയ്ക്കു വിധേയമാക്കപ്പെടാനിടയുണ്ടെന്ന് കാണിക്കപ്പെടുകയും ;

(ഖ) ഏത് പരാതിയിൻമേലാണോ കുററസ്ഥാപനംചെയ്യപ്പെട്ടത്, ആ പരാതിയിൽ, പ്രതിയുടെ കുററസ്ഥാപനത്തിൻമേൽ, മേല്പറഞ്ഞപ്രകാരമുള്ള ഉത്തരവു പുറപ്പെടുവിക്കണമെന്ന് അപേക്ഷിക്കാൻ പരാതിക്കാരന് ഉദ്ദേശ്യം ഉണ്ടെന്നു പ്രസ്താവിച്ചിരിക്കുകയും ;

(ഗ) ഏതുകുററത്തിനാണോ കുററസ്ഥാപനം ചെയ്യപ്പെട്ടത്, ആ കുററം, കുററസ്ഥാപനം ചെയ്യപ്പെട്ടത് ഏതു ജന്തുവിനെ സംബന്ധിച്ചാണോ, ആ ജന്തുവിനെപ്പോലെയുള്ള ഏതെങ്കിലും ജന്തുവിനെ സൂക്ഷിക്കുന്നതിന്, തത്സമയം പ്രാബല്യത്തിലുള്ള നിയമത്തിൻകീഴിൽ ലൈസൻസ് ആവശ്യകമായ ഒരു പ്രദേശത്തുവച്ചു ചെയ്തതായിരിക്കുകയും ;

ചെയ്യാത്തപക്ഷം, പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(5) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ വിപ
രീതമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതൊരാളെ സംബന്ധിച്ചാണോ,
(3)-ാം ഉപവകുപ്പിൻ കീഴിൽ ഉത്തരവ് പുറപ്പെടുവിക്കുന്നത്, ആ ആൾക്ക്,
ഉത്തരവിലെ വ്യവസ്ഥകൾക്കു വിപരീതമായി, ഏതെങ്കിലും ജന്തുവിന്റെ
സൂക്ഷിപ്പിന് അവകാശം ഉണ്ടായിരിക്കുന്നതല്ലാത്തതും, അയാൾ ഏതെങ്കിലും
ഉത്തരവിലെ വ്യവസ്ഥകൾ ഉല്ലംഘിക്കുന്നുവെങ്കിൽ, അയാൾ നൂറുരൂപയോള
മാകാവുന്ന പിഴശിക്ഷയോ മൂന്നുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ,
അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതും ആകുന്നു.

(6) (3)-ാം ഉപവകുപ്പിൻ കീഴിൽ ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ള ഏതെ
ങ്കിലും കോടതിക്ക്, ഏതെങ്കിലും സമയത്ത്, സ്വമേധയാ, അല്ലെങ്കിൽ ഇതി
ലേക്ക് അതിന് കൊടുക്കുന്ന അപേക്ഷയിൻമേൽ, അങ്ങനെയുള്ള ഉത്തരവ് റദ്ദാക്കു
കയോ രൂപഭേദപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

**ചില സംഗതികളിൽ അപരാധത്തെക്കുറിച്ചുള്ള അനുമാനം.**

30. ഏതെങ്കിലും ആൾ 111-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഠ) ഖണ്ഡത്തിലെ
വ്യവസ്ഥകൾക്കു വിപരീതമായി, ആടിനേയോ പശുവിനേയോ അതിന്റെ വംശ
ത്തേയോ കൊല്ലുന്ന കുറ്റത്തിന് ചാർജ്ജ് ചെയ്യപ്പെടുകയും, ആ കുറ്റം ചെയ്തി
ട്ടുള്ളതായി പറയപ്പെടുന്ന സമയത്ത്, അങ്ങനെയുള്ള ആളുടെ കൈവശം ഈ വകു
പ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും ജന്തുവിന്റെ ചർമ്മവും, അതോടുചേർന്നു
ചർമ്മത്തിന്റെ ഏതെങ്കിലും ഭാഗവും ഉണ്ടായിരുന്നുവെന്നു തെളിയിക്കപ്പെടുകയും
ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള ജന്തു ക്രൂരമായ രീതിയിൽ കൊല്ലപ്പെട്ടുവെന്ന്,
വിപരീതമായി തെളിയിക്കുന്നതുവരെ, അനുമാനിക്കേണ്ടതാകുന്നു.

**കുറ്റങ്ങൾ കോഗ്നൈസബിളാണെന്ന്**

31. ക്രിമിനൽ നടപടി നിയമസംഹിത, 1898-ൽ എന്തുതന്നെ അടങ്ങിയിരു
ന്നാലും, 11-ാം വകുപ്പ്(1)-ാം ഉപവകുപ്പ് (ഠ)-യോ (ഢ) യോ, 12-ാം വകുപ്പ് (ണ)
യോ ഖണ്ഡത്തിനോ 12-ാം വകുപ്പിനോ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റം, ആ
നിയമസംഹിതയുടെ അർത്ഥത്തിൽ കോഗ്നൈസബിൾ കുറ്റമായിരിക്കുന്നതാണ്

**ശോധനയ്ക്കും പിടിച്ചെടുക്കലിനുമുള്ള അധികാരങ്ങൾ.**

32 (1) ഏതെങ്കിലും സ്ഥലത്തുവച്ച് 30-ാം വകുപ്പിൽ പരാമർശിക്കുന്ന ഏതെ
ങ്കിലും ജന്തുവിനെ സംബന്ധിച്ച് 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഠ) ഖണ്ഡ
ത്തിൻകീഴിലെ ഒരു കുറ്റം ചെയ്യുന്നുണ്ടെന്നോ, ചെയ്യാൻ പുറപ്പെടുന്നുണ്ടെന്നോ,
ചെയ്തിട്ടുണ്ടെന്നോ ; അല്ലെങ്കിൽ ഏതെങ്കിലും ആളുടെ കൈവശം അങ്ങനെയുള്ള
ഏതെങ്കിലും ജന്തുവിന്റെ, ചർമ്മവും അതോടുചേർന്ന് ശിരോചർമ്മത്തിന്റെ ഏതെ
ങ്കിലും ഭാഗവും ഉണ്ടെന്നോ, വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ, സബ് ഇൻസ്പെ
ക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ,
സ്റ്റേറ്റ് ഗവൺമെന്റ് ഇതിലേക്ക് പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും
ആൾക്കോ, അയാൾക്ക് അങ്ങനെയുള്ള സ്ഥലത്തോ, അങ്ങനെയുള്ള ചർമ്മം ഉള്ള
തായി വിശ്വസിക്കാൻ കാരണമുള്ള ഏതെങ്കിലും സ്ഥലത്തോ, പ്രവേശിക്കുകയും
ശോധന ചെയ്യുകയും ചെയ്യാവുന്നതും, അങ്ങനെയുള്ള ചർമ്മമോ, അല്ലെങ്കിൽ അങ്ങ
നെയുള്ള കുറ്റം ചെയ്യാൻ ഉപയോഗിച്ചതോ ഉപയോഗിക്കാൻ ഉദ്ദേശിച്ചതോ ആയ
ഏതെങ്കിലും പദാർത്ഥമോ സാധനമോ പിടിച്ചെടുക്കാവുന്നതും ആണ്.

(2) തന്റെ അധികാരിതയുടെ അതിർത്തികൾക്കുള്ളിൽ ഏതെങ്കിലും മൃഗ
ത്തിന്റെമേൽ, ഫുക്കയോ ധുംദേവോ തൽസമയം ചെയ്തിട്ടുണ്ടെന്നോ ചെയ്തുകൊ
ണ്ടിരിക്കുന്നുവെന്നോ, വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ, സബ് ഇൻസ്പെക്ടറ
റുടെ പദവിയിൽ താഴെയല്ലാത്ത ഒരു പോലീസുദ്യോഗസ്ഥനോ, സ്റ്റേറ്റ് ഗവൺ
മെന്റ് ഇതിലേക്ക് പ്രാധികാരപ്പെടുത്തപ്പെടുന്ന ഏതെങ്കിലും ആൾക്കോ, അങ്ങനെ
യുള്ള മൃഗം ഉള്ളതായി തനിക്ക് വിശ്വസിക്കാൻ കാരണമുള്ള ഏതെങ്കിലും
സ്ഥലത്ത് പ്രവേശിക്കാവുന്നതും, ആ മൃഗത്തെ പിടിച്ചെടുക്കുകയും, മൃഗത്തെ
പിടിച്ചെടുത്ത പ്രദേശത്തിന്റെ ചാർജ്ജുള്ള മൃഗചികിൽസാ ഉദ്യോഗസ്ഥനാൽ
പരിശോധിക്കപ്പെടുന്നതിനായി ഹാജരാക്കുകയും ചെയ്യാവുന്നതും ആണ്.

**ശോധനവാറന്റുകൾ**

33. (1) ലിഖിതമായി വിവരം ലഭിക്കുന്നതിൻമേലും ആവശ്യകമെന്നു തനിക്കു
തോന്നുന്ന അന്വേഷണവിചാരണയ്ക്കു ശേഷവും, ഏതെങ്കിലും സ്ഥലത്ത് ഈ
ആക്റ്റിൻകീഴിലെ ഒരു കുറ്റം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നോ ചെയ്യപ്പെടാൻ
പുറപ്പെടുന്നുണ്ടെന്നോ ചെയ്യപ്പെട്ടിട്ടുണ്ടെന്നോ വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ ഒരു
ഒന്നാംക്ലാസ് മജിസ്ട്രേട്ടിനോ രണ്ടാംക്ലാസ് മജിസ്ട്രേട്ടിനോ, പ്രസിഡൻസി മജി
സ്ട്രേട്ടിനോ സബ് ഡിവിഷണൽ മജിസ്ട്രേട്ടിനോ, പോലീസ് കമ്മീഷണർക്കോ,
ജില്ലാപോലീസ് സൂപ്രണ്ടിനോ, ആ സ്ഥലത്ത് സ്വയം പ്രവേശിക്കുകയും ശോധന
ചെയ്യുകയും ചെയ്യുകയോ, അല്ലെങ്കിൽ തന്റെ വാറന്റുപ്രകാരം, സബ് ഇൻസ്പെക്ട
റുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനെ ആ
സ്ഥലത്ത് പ്രവേശിക്കുകയും ശോധന ചെയ്യുകയും ചെയ്യാൻ പ്രാധികാരപ്പെടുത്തു
കയോ ചെയ്യാവുന്നതുമാണ്.

(2) ശോധനകൾ സംബന്ധിച്ച് ക്രിമിനൽ നടപടി നിയമസംഹിത, 1898
(1898-ലെ 5)—ലെ വ്യവസ്ഥകൾ, അവ ബാധകമാക്കാവുന്നിടത്തോളം, ഈ
ആക്റ്റിൻകീഴിലെ ശോധനകൾക്ക് ബാധകമായിരിക്കുന്നതാണ്.

34. ഏതെങ്കിലും ജന്തുവിനെ സംബന്ധിച്ച്, ഈ ആക്റ്റിനെതിരായ ഒരു കുറ്റം ചെയ്യപ്പെട്ടിട്ടുണ്ടെന്നോ, ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടെന്നോ വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ, ഒരു കാൺസ്റ്റബിളിന്റെ പദവിക്ക് മുകളിലുള്ള ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ, സ്റ്റേറ്റ് ഗവൺമെന്റ് ഇതിലേയ്ക്ക് പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ആൾക്കോ, തന്റെ അഭിപ്രായത്തിൽ പരിത:സ്ഥിതികൾ ആ ജന്തുവിനെ പിടിച്ചെടുക്കുകയും ഏറ്റവും അടുത്തുള്ള മജിസ്ട്രേറ്റിനാലോ നിർണ്ണയിക്കപ്പെടുന്ന മൃഗചികിൽസാ ഉദ്യോഗസ്ഥനാലോ പരിശോധിക്കപ്പെടാനായി ഹാജരാക്കുകയും ചെയ്യുന്നത്, ആവശ്യപ്പെടുന്നുവെങ്കിൽ, അപ്രകാരം ചെയ്യാവുന്നതും, അങ്ങനെയുള്ള പോലീസ് ഉദ്യോഗസ്ഥനോ പ്രാധികാരപ്പെടുത്തപ്പെടുന്ന ആൾക്കോ, ജന്തുവിനെ പിടിച്ചെടുക്കുമ്പോൾ, അതിന്റെ ചാർജ്ജുള്ള ആളോട്, പരിശോധനാസ്ഥലത്തേക്ക് അതിനെ അനുഗമിക്കാൻ ആവശ്യപ്പെടാവുന്നതും ആണ്.

പരിശോധനയ്ക്കായി പിടിച്ചെടുക്കാനുള്ള സാമാന്യാധികാരം.

35. (1) ഏതു ജന്തുക്കളെ സംബന്ധിച്ചാണോ ഈ ആക്റ്റിനെതിരായുള്ള കുറ്റങ്ങൾ ചെയ്യപ്പെട്ടിട്ടുള്ളത് ആ ജന്തുക്കളുടെ ചികിൽസയ്ക്കും ശുശ്രൂഷയ്ക്കുമായി സ്റ്റേറ്റ് ഗവൺമെന്റിന്, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി, ആതുരശുശ്രൂഷാലയങ്ങൾ നിശ്ചയിക്കാവുന്നതും, അവയ്ക്കുള്ളിൽ ഒരു മജിസ്ട്രേറ്റിന്റെ മുമ്പാകെ ഹാജരാക്കുന്നതുവരെ ഏതെങ്കിലും ജന്തുവിനെ തടഞ്ഞുവയ്ക്കുന്നത് പ്രാധികാരപ്പെടുത്താവുന്നതും ആകുന്നു.

ജന്തുക്കളുടെ ചികിൽസയും ശുശ്രൂഷയും

(2) ഏതു മജിസ്ട്രേറ്റിന്റെ മുമ്പാകെയാണോ ഈ ആക്റ്റിനെതിരായുള്ള ഒരു കുറ്റത്തിനു പ്രാസിക്യൂഷൻ ആരംഭിച്ചിട്ടുള്ളത്, ആ മജിസ്ട്രേറ്റിന് ബന്ധപ്പെട്ട ജന്തു, അതിന്റെ പതിവുപണി ചെയ്യാൻ പററിയതാവുകയോ അല്ലെങ്കിൽ മററുവിധത്തിൽ വിട്ടയക്കപ്പെടാൻ പററിയതാവുകയോ ചെയ്യുന്നതുവരെ, അതിനെ ഒരു ആതുരശുശ്രൂഷാലയത്തിൽ ചികിൽസിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യേണ്ടതാണെന്നോ, അല്ലെങ്കിൽ അതിനെ ഒരു പിൻജ്റാപോളിലേയ്ക്ക് അയക്കേണ്ടതാണെന്നോ അല്ലെങ്കിൽ അതിനെ ചികിൽസിച്ച് ഭേദമാക്കാൻ കഴിയുകയില്ലെന്നോ ആ ജന്തുവിനെ കണ്ടെത്തുന്ന പ്രദേശത്തെ ചാർജ്ജുള്ള മൃഗ ചികിൽസാ ഉദ്യോഗസ്ഥനോ, ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ ഇതിലേക്ക് പ്രാധികാരപ്പെടുത്തുന്ന മററു ഏതെങ്കിലും മൃഗചികിൽസാ ഉദ്യോഗസ്ഥനോ സർട്ടിഫൈ ചെയ്യുന്നെങ്കിൽ ക്രൂരത കൂടാതെ അതിനെ നീക്കം ചെയ്യാൻ കഴിയുകയില്ലെന്നോ അതിനെ നശിപ്പിക്കേണ്ടതാണെന്നോ നിദേശിക്കാവുന്നതാണ്.

(3) ശുശ്രൂഷയ്ക്കും ചികിൽസയ്ക്കുമായി ആതുരശുശ്രൂഷാലയത്തിലേക്ക് അയക്കപ്പെടുന്ന ഒരു ജന്തുവിനെ, അതിനെ ഒരു പിൻജറപ്പോളിലേയ്ക്ക് അയക്കേണ്ടതാണെന്നോ, അല്ലെങ്കിൽ അതിനെ നശിപ്പിക്കേണ്ടതാണെന്നോ മജിസ്ട്രേറ്റ് നിദേശിക്കാത്തപക്ഷം, ആ സ്ഥലത്തുനിന്ന് ആ ആതുരശുശ്രൂഷാലയം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ചാർജ്ജുള്ള മൃഗചികിൽസാ ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ ഇതിലേക്ക് പ്രാധികാരപ്പെടുത്തുന്ന മററു മൃഗചികിൽസാ ഉദ്യോഗസ്ഥനോ നൽകുന്ന, അതു വിട്ടയക്കപ്പെടാൻ പററിയതാണെന്നുള്ള സർട്ടിഫിക്കററിൻമേലൊഴികെ, വിമോചിപ്പിക്കാൻ പാടുള്ളതല്ല.

(4) ജന്തുവിനെ ആതുരശുശ്രൂഷാലയത്തിലേയ്ക്കോ പിൻജ്റാപ്പോളിലേക്കോ പരിവഹണം ചെയ്യുന്നതിന്റേയും, ആതുരശുശ്രൂഷാലയത്തിലുള്ള അതിന്റെ സംരക്ഷണത്തിന്റേയും ചികിൽസയുടേയും ചെലവ്, ജില്ലാ മജിസ്ട്രേറ്റോ, പ്രസിഡൻസി ടൗണുകളിൽ പോലീസ് കമ്മീഷണറോ നിർണ്ണയിക്കേണ്ട നിരക്ക് തോതനുസരിച്ച് ജന്തുവിന്റെ ഉടമസ്ഥൻ കൊടുക്കേണ്ടതായിരിക്കുന്നതാണ്.

എന്നാൽ, ജന്തുവിന്റെ ഉടമസ്ഥന്റെ ദാരിദ്ര്യം കാരണമായി, ജന്തുവിന്റെ ചികിൽസയ്ക്കു യാതൊരു ചാർജ്ജും കൊടുക്കേണ്ടതില്ലെന്ന് മജിസ്ട്രേറ്റ് ഉത്തരവ് ചെയ്യുന്നതായാൽ അപ്രകാരം ചാർജ്ജു കൊടുക്കേണ്ടതില്ല.

(5) (4)-ാം ഉപവകുപ്പിൻകീഴിൽ ജന്തുവിന്റെ ഉടമസ്ഥൻ കൊടുക്കേണ്ട ഏതെങ്കിലും തുക, ഭൂമിക്കരം കുടിശ്ശിക എന്നപോലെ അതേ രീതിയിൽ വസൂലാക്കാവുന്നതാണ്.

(6) മജിസ്ട്രേറ്റ് വിനിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ, ജന്തുവിനെ നീക്കം ചെയ്യാൻ ഉടമസ്ഥൻ വിസമ്മതിക്കുകയോ ഉപേക്ഷ വരുത്തുകയോ ചെയ്യുന്നുവെങ്കിൽ, മജിസ്ട്രേറ്റിന്, ആ ജന്തുവിനെ വിൽക്കാനും, വിററുകിട്ടുന്നത് അങ്ങനെയുള്ള ചെലവ് കൊടുക്കാൻ ഉപയോഗപ്പെടുത്താനും നിദേശിക്കാവുന്നതാണ്.

(7) അങ്ങനെ വിററുകിട്ടുന്നതിലെ മിച്ചം, വല്ലതുമുണ്ടെങ്കിൽ, അത്, വിൽപ്പനത്തീയതി മുതൽ രണ്ടുമാസത്തിനുള്ളിൽ ഉടമസ്ഥൻ അപേക്ഷ കൊടുക്കുന്നതിൻമേൽ അയാൾക്ക് കൊടുക്കേണ്ടതാകുന്നു.

36. ഈ ആക്റ്റിനെതിരായുള്ള ഒരു കുററത്തിനുള്ള പ്രാസിക്യൂഷൻ, കുററം ചെയ്ത തീയതി മുതൽ മൂന്നുമാസം കഴിഞ്ഞതിനുശേഷം ആരംഭിക്കാൻ പാടുള്ളതല്ല.

പ്രാസിക്യൂഷനുകൾക്കുള്ള കാലഹരണം.

അധികാരങ്ങളുടെ പ്രത്യായോജനം.

37. കേന്ദ്രഗവൺമെന്റിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററിൻകീഴിൽ അതിന് പ്രയോഗിക്കാവുന്ന എല്ലാ അധികാരങ്ങളുമോ, അവയിലേതെങ്കിലുമോ, ചുമത്തുന്നത് യുക്തമെന്നു അതിനു തോന്നുന്ന ഉപാധികൾക്ക് വിധേയമായി, ഏതെങ്കിലും സ്റേററ് ഗവൺമെന്റിനും പ്രയോഗിക്കാവുന്നതാണെന്ന് നിദേശിക്കാവുന്നതാണ്.

ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.

38. (1) കേന്ദ്രഗവൺമെന്റിന്, ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴിയും, മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്നുള്ള ഉപാധിക്ക് വിധേയമായും, ഈ ആക്ററിന്റെ ഉദ്ദേശ്യങ്ങൾ നിറവേററുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും കേന്ദ്രഗവൺമെന്റിന്, താഴെ പറയുന്ന എല്ലാ വിഷയങ്ങൾക്കുമോ അവയിലേതിനെങ്കിലുമോ വ്യവസ്ഥ ചെയ്യുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്, അതായത്—

(ക) ബോർഡിലെ അംഗങ്ങളുടെ സേവന നിബന്ധനകളും സേവനവ്യവസ്ഥകളും, അവർക്കു കൊടുക്കേണ്ട ബത്തകളും, അവർക്ക്, അവരുടെ അധികാരങ്ങൾ പ്രയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യാവുന്ന രീതിയും ;

(ഖ) ഏതെങ്കിലും ജന്തു വലിക്കേണ്ടതോ വഹിക്കേണ്ടതോ ആയ ഏററവും കൂടിയ ഭാരം, (യാത്രക്കാരുടെ തൂക്കംകൊണ്ട് ഉണ്ടാകുന്ന ഏതെങ്കിലും ഭാരം ഉൾപ്പെടെ) ;

(ഗ) മൃഗങ്ങളുടെ തിങ്ങൽ തടയുന്നതിനു പാലിക്കേണ്ട ഉപാധികൾ ;

(ഘ) ഏതു കാലയളവിലും, ഏതു മണിക്കൂറുകൾക്കിടയിലും ആണ്, ഏതെങ്കിലും തരം ജന്തുക്കളെ ഭാരം വലിക്കുന്ന ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലാത്തതെന്ന് ;

(ങ) നിരോധിക്കൽ ഏതെങ്കിലും കടിവാളത്തിന്റേയോ കുതിരക്കോപ്പിന്റേയോ ജന്തുക്കളോടുള്ള ക്രൂരത ഉൾക്കൊള്ളുന്ന ഉപയോഗം ;

(ച) ലാടം തറയ്ക്കുന്നവന്റെ ബിസിനസ് നടത്തിപ്പോകുന്ന ആളുകൾ ലൈസൻസ് എടുക്കുകയും നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനത്താൽ രജിസ്ററർ ചെയ്യപ്പെടുകയും ചെയ്യേണ്ടതാണെന്ന് ആവശ്യപ്പെടുകയും, ആ ആവശ്യത്തിന് ഫീസ് ചുമത്തുകയും ചെയ്യൽ ;

(ഛ) വിൽപ്പനയുടേയോ കയററുമതിയുടേയോ ആവശ്യങ്ങൾക്കോ മറേറതെങ്കിലും ആവശ്യത്തിനോ ജന്തുക്കളെ പിടിക്കുന്നതിൽ എടുക്കേണ്ട മുൻകരുതലുകളും, ഏതു വ്യത്യസ്ത ഉപകരണങ്ങൾ അല്ലെങ്കിൽ, വ്യത്യസ്ത സൂത്രപ്രയോഗങ്ങൾ മാത്രമാണോ ആ ആവശ്യത്തിന് ഉപയോഗിക്കാവുന്നത്, ആ ഉപകരണങ്ങളും സൂത്രപ്രയോഗങ്ങളും; അങ്ങനെയുള്ള പിടിക്കലിന് ലൈസൻസ് നൽകലും, അങ്ങനെയുള്ള ലൈസൻസുകൾക്ക് ഫീസ് ചുമത്തലും ;

(ജ) ജന്തുക്കളുടെ പരിവഹണത്തിൽ, അതു റയിൽ വഴിയോ റോഡു വഴിയോ ഉൾനാട്ടു ജലമാർഗ്ഗമായോ, കടൽവഴിയോ വ്യോമമാർഗ്ഗമായോ ആയാലും എടുക്കേണ്ട മുൻകരുതലുകളും, അവ അപ്രകാരം പരിവഹണം ചെയ്യപ്പെടേണ്ടത്, ഏതു രീതിയിലോ ഏതു കൂടുകളിലോ മററു പേടകങ്ങളിലോ ആണെന്നുള്ളതും ;

(ഝ) ജന്തുക്കളെ സൂക്ഷിക്കുകയോ കറക്കുകയോ ചെയ്യുന്ന കെട്ടിട പരിസരങ്ങളുടെ ഉടമസ്ഥതയുള്ളതോ ചാർജുള്ളതോ ആയ ആളുകളോട്, അങ്ങനെയുള്ള കെട്ടിട പരിസരങ്ങൾ രജിസ്ററർ ചെയ്യുകയും, അങ്ങനെയുള്ള കെട്ടിട പരിസരങ്ങളുടെ അതിരു ഭിത്തികളേയോ ചുററുമുള്ള സ്ഥലങ്ങളേയോ സംബന്ധിച്ച് നിശ്ചയിക്കപ്പെടുന്ന ഉപാധികൾ അനുസരിച്ചു പ്രവർത്തിക്കുകയും, ആ കെട്ടിട പരിസരങ്ങളിൽ ഈ ആക്ററിൻകീഴിലെ ഏതെങ്കിലും കുററം ചെയ്യപ്പെടുന്നുണ്ടെന്നോ, ചെയ്യപ്പെട്ടിട്ടുണ്ടെന്നോ തിട്ടപ്പെടുത്തുന്നതിനുവേണ്ടി അതിന്റെ പരിശോധനക്കു അനുവദിക്കുകയും, അങ്ങനെയുള്ള കെട്ടിട പരിസരങ്ങളിൽ 12-ാം വകുപ്പിന്റെ പകർപ്പുകൾ ആ പ്രദേശത്ത് പൊതുവേ മനസ്സിലാകുന്ന ഭാഷയിലോ, ഭാഷകളിലോ പ്രദർശിപ്പിക്കുകയും ചെയ്യാൻ ആവശ്യപ്പെടൽ ;

(ഞ) V-ാം അദ്ധ്യായത്തിൻകീഴിലെ രജിസ്ട്രേഷനുള്ള അപേക്ഷകൾ കൊടുക്കേണ്ട ഫാറവും, അവയിൽ അടങ്ങിയിരിക്കേണ്ട വിവരങ്ങളും, അങ്ങനെയുള്ള രജിസ്ട്രേഷനു കൊടുക്കേണ്ട ഫീസും, അങ്ങനെയുള്ള അപേക്ഷകൾ കൊടുക്കേണ്ടത് ഏത് അധികാരസ്ഥാനങ്ങൾക്കാണെന്നുള്ളതും ;

(ട) ആതുരശുശ്രൂഷാലയങ്ങളുടേയും പിൻജറാപ്പോളുകളുടേയും മൃഗാശുപത്രികളുടേയും സംരക്ഷണംപോലെയുള്ള ആവശ്യങ്ങൾ ഉൾപ്പെടെ ഈ ആക്ററിൻകീഴിൽ വസൂലാക്കപ്പെടുന്ന പിഴകൾ വിനിയോഗിക്കപ്പെടേണ്ട ആവശ്യങ്ങൾ ;

(ഠ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടുന്നതോ ആയ മറേറതെങ്കിലും വിഷയം.

(3) ഏതെങ്കിലും ആൾ, ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടങ്ങൾ ഉല്ലംഘിക്കുകയോ അതിന്റെ ഉല്ലംഘനത്തിനു പ്രേരണ നൽകുകയോ ചെയ്യുന്നുവെങ്കിൽ, അയാൾ, നൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ, മൂന്നു മാസത്തോളമാകാവുന്ന തടവുശിക്ഷയോ, അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(4) ഈ വകുപ്പിൻകീഴിൽ കേന്ദ്രഗവൺമെൻറ് ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ അതിൻെറ ഓരോ സഭയുടേയും മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, ഏതു സമ്മേളനത്തിലാണോ അത് അപ്രകാരം വച്ചിട്ടുള്ളത്, ആ സമ്മേളനമോ അതിനു തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ്, ഇരു സഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരു സഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു ; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ, ആ ചട്ടത്തിൻ കീഴിൽ മുൻപു ചെയ്യപ്പെട്ടിട്ടുള്ള എന്തിൻെറയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്ത വിധമായിരിക്കുന്നതാണ്.

**39.** 34-ാം വകുപ്പിൻകീഴിൽ സ്റേററ് ഗവൺമെൻറിനാൽ പ്രാധികാരപ്പെടുത്തുന്ന ഏതൊരാളും ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45), 21-ാം വകുപ്പിൻെറ അർത്ഥത്തിൽ പബ്ലിക് സർവൻറായി കരുതപ്പെടുന്നതാകുന്നു.

34-ാം വകുപ്പിൻ കീഴിൽ പ്രാധികാരപ്പെടുത്തപ്പെടുന്ന ആളുകൾ പബ്ലിക് സർവൻറുമാർ ആയിരിക്കുമെന്ന്

40. ഇൻഡ്യൻ ശിക്ഷാനിയമ സംഹിത (1860-ലെ 45) 21-ാം വകുപ്പിൻെറ അർത്ഥത്തിൽ, പബ്ലിക് സർവൻറായിരിക്കുന്നതോ, ആയി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും ആൾക്കെതിരായി, ഈ ആക്ററിൻകീഴിൽ, ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ എന്തെങ്കിലും സംബന്ധിച്ച്, യാതൊരു വ്യവഹാരവും പ്രാസിക്യൂഷനും അല്ലെങ്കിൽ മററു നിയമനടപടിയും നിലനിൽക്കുന്നതല്ല.

നഷ്ടോത്തരവാദം.

41. 1-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിലെ വിജ്ഞാപനം അനുസരിച്ച് ഈ ആക്ററിലെ ഏതെങ്കിലും വ്യവസ്ഥ ഏതെങ്കിലും സ്റേററിൽ പ്രാബല്യത്തിൽ വരുന്നിടത്ത് അപ്രകാരം പ്രാബല്യത്തിൽ വരുന്ന വ്യവസ്ഥയ്ക്കു തൽസ്ഥാനീയമായി, ജന്തുക്കളോടുള്ള ക്രൂരത തടയൽ ആക്ററ്, 1890 (1890-ലെ 11) ലുള്ള ഏതെങ്കിലും വ്യവസ്ഥ അതോടെ റദ്ദാക്കപ്പെട്ടിരിക്കുന്നതാണ്.

1890-ലെ 11-ാം ആക്ററിൻെറ റദ്ദാക്കൽ.